
# UDAYADEEPA

## BELTHANGADY DIOCESAN BULLETIN




VOL. XI ISSUE 12 DECEMBER - 2020 BELTHANGADY

# ക്രിസ്തുമസ്
# പുതുവത്സരാശംസകൾ



## HAPPY CHRISTMAS & HAPPY NEW YEAR

## ನಾಡಿನ ಸಮಸ್ತ ಜನರಿಗೂ ಕ್ರಿಸ್ತ ಜಯಂತಿಯ ಶುಭಾಶಯಗಳು

**"May He bring his smile, through our poor faces, to all the Children of the world: to those who are abandoned and those who suffer violence.".**

**(Pope Francis, Urbi et Orbi, 25th December 2019, Vatican )**

# UDAYADEEPA BELTHANGADY

# ಉದಯದೀಪ ಬೆಳ್ತಂಗಡಿ

# ഉദയദീപ ബെൽത്തംഗഡി

## Belthangady Diocesan Bulletin


**Vol. X1 Issue-12 December - 2020 Page- 44**

**Annual Subscription: Rs. 140-00** **Single Copy: Rs. 12-00**

**Edited, Printed and Published, by Fr. Joseph Valiaparambil**
**Bishop's House, Udayanagar, P.B. No.13**
**Belthangady - 574 214, D.K., Karnataka, India.**
**Printed at Shree Raghavendra Printers, Ujire-574 240**

**Website: www.belthangadydiocese.com**
**Email : udayadeepabel@gmail.com**
**Tel.: 08256-232439, 233975**

## PRIESTLY ORDINATION DAY GREETINGS TO BISHOP LAWRENCE MUKKUZHY



27.12.1978

## Sacerdotal Golden Jubilee Greetings to Rev. Fr. Joseph Mampallikunnel



18.12.1970-18.12.2020
Vicar General, Diocese of Belthangady
(19.05.2002-17.05.2008)

# CONTENTS


| | | |
|---|---|---|
| 1. | Pastoral Letter No. 05/2020 | 7 |
| 2. | Circular : KCBC : Bible Sunday | 10 |
| 3. | Circular : 17/2020 | 15 |
| 4. | Notifications from the Chancellery | 17 |
| 5. | Catechism Department News | 22 |
| 6. | Family Apostolate | 27 |
| 7. | Youth Apostolate | 30 |
| 8. | Social Service Department | 31 |
| 9. | Fratelli Tutti : Pope Francis | 34 |
| 10. | Bishop's Diary | 41 |
| 11. | Bishop's Engagements | 43 |




ബെൽത്തംഗഡി രൂപതയിൽ 2021 ലെ ഇടവകാ
തിരുന്നാളിനുള്ള പ്രമേയം:

## "പ്രത്യാശയിൽ സന്തോഷിക്കുവിൻ, ക്ലേശങ്ങളിൽ സഹനശീലരായിരിക്കുവിൻ;" (റോമ 12 : 12).

കോവിഡ്-19ന്റെ ആഘാതത്തിൽ ആയിരിക്കുന്ന നമ്മുടെ ജനങ്ങൾക്ക് സഹനത്തിൽ പ്രത്യാശ നൽകാനുള്ള ഉദ്ദേശത്തോടുകൂടിയാണ് ഈ പ്രമേയം തിരഞ്ഞെടുത്തിരിക്കുന്നത്. വിഷയത്തിന്റെ ആഴങ്ങളിലേക്ക് കടക്കാൻ ചില തിരുവചന ഭാഗങ്ങൾ താഴെ ചേർക്കുന്നു;

1) **മർക്കോസ് 13,13 :** "അവസാനംവരെ സഹിച്ചുനിൽക്കുന്നവൻ രക്ഷ പ്രാപിക്കും".

2) **1 പത്രോസ് 1, 7 :** "അഗ്നിശോധനയെ അതിജിവിക്കുന്ന നശ്വരമായ സ്വർണത്തേക്കാൾ വിലയേറിയതായിരിക്കും പരിക്ഷകളെ അതിജിവിക്കുന്ന നിങ്ങളുടെ വിശ്വാസം".

3) **1 പത്രോസ് 4,12 :** "പ്രിയപ്പെട്ടവരേ, നിങ്ങളെ പരിശോധിക്കാനായി അഗ്നിപരീക്ഷകൾ ഉണ്ടാകുമ്പോൾ, അപ്രതീക്ഷിതമായതെന്തോ സംഭവിച്ചാലെന്നപോലെ പരിഭ്രമിക്കരുത്. ഈശോയുടെ പീഡകളിൽ നിങ്ങൾ പങ്കുകാരാകുന്നതിൽ ആഹ്ലദിക്കുവിൻ".

4) **വെളിപാട് 2,10 :** "മരണംവരെ വിശ്വസ്തനായിരിക്കുക; ജീവന്റെ കീരിടം നിനക്കു ഞാൻ നൽകും".

ബെൽത്തംഗഡി
27-11-2020

**+ മാർ ലോറൻസ് മുക്കുഴി**
ബെൽത്തംഗഡി രൂപതയുടെ മെത്രാൻ

Pastoral Letter No. 5/ 2020

ദൈവകൃപയാലും പരിശുദ്ധ സിംഹാസനത്തിന്റെ
അനുഗ്രഹത്താലും ബെൽത്തംഗഡി രൂപതയുടെ മെത്രാൻ

**ലോറൻസ് മുക്കുഴി**

നമ്മുടെ രൂപതയിലെ ബഹു. വൈദികർക്കും
സന്യാസിനീ സന്യാസികൾക്കും ദൈവജനത്തിനും
നമ്മുടെ കർത്താവിൽ ആശീർവ്വാദവും സമാധാനവും,

''ഇതാ സകല ജനത്തിനുംവേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ കർത്താവായ ക്രിസ്തു, ഇന്ന് ജനിച്ചിരിക്കുന്നു'' (ലൂക്കാ 2 : 10-11).

വന്ദ്യ സഹോദരരേ, വത്സല മക്കളേ,

സൻമനസ്സുള്ളവർക്ക് സമാധാനം ആശംസിച്ച്കൊണ്ട് ക്രിസ്തുമസ്സ് വീണ്ടും സമാഗതമാകുകയാണ്. എല്ലാവർക്കും ക്രിസ്തുമസ്സ് മംഗളങ്ങൾ സ്നേഹത്തോടെ ആശംസിക്കുന്നു!

ഡിസംബർ 1 മുതൽ ക്രിസ്തുമസ്സിനുള്ള ഒരുക്കത്തിനുള്ള കാലമാണ്. ഈ കാലം നമ്മുടെ ആരാധനക്രമവർഷത്തിലെ ആദ്യത്തെ കാലമാണ്. ഇതിനെ ആഗമനകാലം എന്നു നാം വിളിക്കുന്നു.

ആഗമനകാലം ലോകരക്ഷകനായ, ജനകോടികൾ കാത്തിരുന്ന, വിമോചകനായ, കർത്താവീശോമിശിഹായെ കാത്തിരിക്കുന്ന കാലമാണ്. ഈശോയുടെ പിറവിയെ പൂർവ്വപിതാക്കളും പ്രവാചകൻമാരും എല്ലാ ജനങ്ങളും ആകാംഷയോടെ കാത്തിരുന്നു. ''എന്റെ ആത്മാവ് അങ്ങേക്കായി ദാഹിക്കുന്നു, ഉണങ്ങി വരണ്ട ഭൂമിയെന്നപോലെ എന്റെ ശരീരം അങ്ങയെ കാണാതെ തളരുന്നു'' (സങ്കീ. 63:1) എന്ന സങ്കീർത്തകന്റെ നിലവിളി ലോകജനതയുടെ മുഴുവന്റെയും നിലവിളിയായി കണക്കാക്കേണ്ടതാണ്. 'അസത്യത്തിൽനിന്ന് സത്യത്തിലേക്കും, ഇരുട്ടിൽനിന്നും പ്രകാശത്തിലേക്കും, മരണ

ത്തിൽനിന്നും മരണമില്ലായ്മയിലേക്കും ഞങ്ങളെ നയിക്കണമേ' എന്ന് ഭാരതീയ ഋഷിവര്യന്മാരും പ്രാർത്ഥിച്ചത് ഈ രക്ഷകനുവേണ്ടിയാണ്. ലോകചരിത്രം പരിശോധിക്കുമ്പോൾ കാണുന്നത്, ബൈബിൾ വിശ്വസിക്കാത്തവരും ഈശോയുടെ പിറവിക്ക് മുമ്പ് ഈശോയെ കാത്തിരുന്നു എന്നാണ് **(Fulton J. Sheen, Life of Christ P. 18, 19).** മുഴുവൻ ലോകജനതയുടെ പ്രാർത്ഥനയുടെ ഉത്തരമായിട്ടാണ് വാഗ്ദാനം ചെയ്യപ്പെട്ടിരുന്ന രക്ഷകനീശോമിശിഹാ ബേത്‌ലഹേമിൽ ഭൂജാതനായത്! രക്ഷകന്റെ വരവോടെ ലോകം പുതിയ വെളിച്ചം കണ്ടു; സാത്താനും പാപവും പരാജയപ്പെട്ടു. രക്ഷകൻ തന്റെ മനുഷ്യാവതാരം, പീഡാസഹനം, കുരിശുമരണം, ഉത്ഥാനം എന്നിവയിലൂടെ നമ്മുടെ രക്ഷ സാധിതമാക്കി! "തന്നെ സ്വീകരിച്ചവർക്കെല്ലാം, തന്റെ നാമത്തിൽ വിശ്വസിക്കുന്നവർക്കെല്ലാം ദൈവമക്കളാകുവാൻ അവൻ കഴിവു നൽകി" (യോഹ. 1:12). " യേശുവാണ് ക്രിസ്തു എന്ന് വിശ്വസിക്കുന്ന ഏവനും ദൈവത്തിന്റെ പുത്രനാണ്"(1 യോഹ.5:1). " വിശ്വസിക്കുന്നവന് നിത്യജീവനുണ്ട് "(യോഹ. 6:47). നമ്മെ സ്നേഹിച്ച് നമുക്കുവേണ്ടി മരിച്ച് ഉയിർത്തെഴുന്നേറ്റ് നമ്മെ രക്ഷിച്ച ഈശോയുടെ വരവിനുവേണ്ടിയുള്ള കാത്തിരിപ്പിനെ അനുസ്മരിക്കുന്ന കാലമാണ് ആഗമനകാലം. നമ്മെ സംബന്ധിച്ച് ഇപ്പോൾ ഈശോയുടെ രണ്ടാം വരവിനുവേണ്ടിയുള്ള കാത്തിരിപ്പിനും കൂടിയുള്ള കാലമാണിത്.

ലോകചരിത്രത്തിൽ ഈശോയെക്കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ ഈശോയിൽ വിശ്വസിച്ച് ഹൃദയത്തിൽ സ്വീകരിക്കുന്നവർക്ക് മാത്രമാണ് യഥാർത്ഥത്തിൽ ഈശോയുടെ വരവിന്റെ ഫലം പൂർണ്ണമായി ലഭിക്കുന്നത്.

ഈശോയുടെ പിറവിക്കായി നാം തീവ്രമായി ഒരുങ്ങണം. ഡിസംബർ ഒന്ന് മുതൽ ഇരുപത്തിനാലുവരെ ഈ ഒരുക്കത്തിന്റെ കാലമാണ്. നാമിതിനെ ഇരുപത്തിയഞ്ച് നോമ്പ് എന്ന് വിളിക്കുന്നു. ഈ നോമ്പ് കാലത്ത് നാം കൂടുതൽ പ്രാർത്ഥിക്കണം, കൂടുതൽ വചനം വായിക്കണം, ആഘോഷങ്ങളൊന്നും നടത്തരുത്, വിവാഹാഘോഷങ്ങൾ നടത്തരുത്, കൂടുതൽ നന്മപ്രവൃത്തികൾ ചെയ്യണം, മത്സ്യമാംസാദികൾ ഉപേക്ഷിക്കണം. നോമ്പ്കാലത്ത് സാധിക്കുന്നവരെല്ലാം എല്ലാ ദിവസവും വിശുദ്ധ ബലിയിൽ സംബന്ധിക്കണം. ഈ നോമ്പ്കാലത്ത് കോവിഡ്-19 ന്റെ പ്രോട്ടോകോൾ കൃത്യമായി പാലിച്ചുകൊണ്ടുതന്നെ

ജനങ്ങൾ കുമ്പസാരിക്കണം; അതിനുവേണ്ട സൗകര്യം ബഹുമാനപ്പെട്ട അച്ചന്മാർ ഒരുക്കണം. അങ്ങനെ ഹൃദയത്തിൽനിന്ന് പാപങ്ങൾ നീക്കി കളഞ്ഞ് സുകൃതങ്ങൾകൊണ്ട് ഹൃദയത്തിൽ പൂമെത്ത പണിത് ഈശോയെ നാം സ്വീകരിക്കണം. പുറത്ത് എത്ര നല്ല പുൽക്കൂട് പണുത് ഈശോയുടെ രൂപം വച്ചാലും നമ്മുടെ ഹൃദയത്തിൽ ഈശോ പിറന്നില്ലെങ്കിൽ എന്തു പ്രയോജനം?

ഒരിക്കൽകൂടി എല്ലാവർക്കും നല്ല നോമ്പ്കാലവും അനുഗ്രഹ പ്രദമായ ക്രിസ്തുമസ്സും സ്നേഹത്തോടെ ആശംസിക്കുന്നു.

"ഇതാ, സകല ജനത്തിനുംവേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ കർത്താവായ ക്രിസ്തു, ഇന്ന് ജനിച്ചിരിക്കുന്നു" (ലൂക്കാ 2:10-12). എന്ന് മാലാഖായിൽനിന്ന് സന്ദേശം ലഭിച്ച നമ്മൾ, ഈശോയെ സ്വീകരിച്ച് രക്ഷിതരാകട്ടേയെന്ന് പ്രാർത്ഥിച്ച്കൊണ്ട് + പിതാവിന്റെയും + പുത്രന്റെയും +പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഏവരേയും ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു.

| | |
|---|---|
| ബെൽത്തംഗഡി | + മാർ ലോറൻസ് മുക്കുഴി |
| 22-11-2020 | ബെൽത്തംഗഡി രൂപതയുടെ മെത്രാൻ |

---

**NB** : ഈ ഇടയലേഖനം 29-11-2020ന് എല്ലാ കുർബാന മദ്ധ്യേയും വായിക്കേണ്ടതാണ്.

Ref: 3388/K-5/KCBC/OL/DS 07.11.2020

**2020 ഡിസംബർ 20 ബൈബിൾ ഞായർ**

**കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ**

കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ ആഹ്വാനപ്രകാരം ദൈവവചനത്തിനായി സമർപ്പിക്കപ്പെട്ടിരിക്കുന്ന മാസമാണല്ലോ യേശുവിന്റെ തിരുപ്പിറവി ആഘോഷിക്കുന്ന ഡിസംബർ. ദൈവവചനത്തിലേക്ക് കൂടുതൽ ആഴത്തിൽ ഇറങ്ങിച്ചെല്ലാൻ നമ്മെ സഹായിക്കുന്നതാണ് കേരള സഭയുടെ വചനപാരായണമാസാചരണം. സഭാജീവിതത്തിൽ ദൈവവചനത്തിന്റെ പ്രാധാന്യം ഓർമ്മപ്പെടുത്താൻ ആരാധനാവത്സരത്തിലെ ഒരു ഞായർ വചനഞായറായി ആഘോഷിക്കണമെന്ന് പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ 'അപ്പെരുയിത് ഇല്ലിസ് ' എന്ന അപ്പസ്തോലിക ലേഖനത്തിൽ ഉദ്ബോധിപ്പിക്കുന്നതനുസരിച്ച് 2020 ഡിസംബർ 20 ബൈബിൾ ഞായറായി കേരളസഭ ആചരിക്കുന്നു. ക്രൈസ്തവ വിശ്വാസികൾ അവരുടെ ജീവിതം ദൈവവചനത്താൽ പുഷ്ടിപ്പെടുത്തണമെന്നാണ് സഭ ഇതുവഴി ആഗ്രഹിക്കുന്നത്.

**വി. ജെറോമിന്റെ ബൈബിൾ ആഭിമുഖ്യവും സഭയും**

ബൈബിൾ പണ്ഡിതനായ വി. ജെറോമിന്റെ 1600-ാം മരണ വാർഷികം ആചരിച്ച ഇക്കഴിഞ്ഞ സെപ്റ്റംബർ 30-ാം തീയതി പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ "വിശുദ്ധ ലിഖിതത്തോടുള്ള ഭക്തി" എന്ന അപ്പസ്തോലിക സന്ദേശം നൽകുകയുണ്ടായി. എഴുതപ്പെട്ട ദൈവവചനത്തോടുള്ള വിശുദ്ധന്റെ "സജീവവും ഹൃദ്യവുമായ സ്നേഹം"പിഞ്ചെല്ലാൻ ഈ ലേഖനത്തിൽ പരിശുദ്ധ പാപ്പ സഭാസമൂഹത്തെ ആഹ്വാനം ചെയ്യുന്നു. കർത്താവിനെ വിശുദ്ധ ഗ്രന്ഥത്തിൽ നിരന്തരം അന്വേഷിക്കുകയും അതുവഴി അറിയുകയും ചെയ്ത ഈ വിശുദ്ധന്റെ വിശുദ്ധ ലിഖിതത്തോടുള്ള സ്നേഹം ഒരു മഹാനദിപോലെ ഒഴുകുകയും അത് അദ്ദേഹത്തിന്റെ പ്രവർത്തന മണ്ഡലങ്ങളെയെല്ലാം പരിപോഷിപ്പിക്കുകയും ചെയ്തു.

സഭാസമൂഹത്തിന് ഇന്നും പ്രചോദനമേകുന്നവയാണ് വി. ജെറോമിന്റെ ജീവിതത്തില പല നിർണായക ചുവടുവയ്പുകളും സംഭവങ്ങളും. എ.ഡി.386 മുതൽ പാലസ്തീനയിൽ താമസിച്ച അദ്ദേഹം ബത്‌ലെഹെമിലെ തിരുപ്പിറവി ഗ്രോട്ടോയുടെ സമീപം രണ്ട് ആശ്രമങ്ങൾ സ്ഥാപിക്കുകയും ഈ സമൂഹങ്ങളിൽ വിശുദ്ധഗ്രന്ഥ വായനയ്ക്ക് വലിയ പ്രാധാന്യം കൊടുക്കുകയും ചെയ്തു. വിശുദ്ധഗ്രന്ഥം മൂലഭാഷയിൽ തന്നെ വായിക്കണമെന്ന് താത്പര്യപ്പെട്ടിരുന്ന അദ്ദേഹം

സങ്കീർത്തനങ്ങൾ ഹീബ്രുഭാഷയിൽ ആലപിക്കാൻ താൻ സ്ഥാപിച്ച ഈ സമൂഹങ്ങളെ സഹായിച്ചിരുന്നു. വിശുദ്ധഗ്രന്ഥത്തിന്റെ ശ്രദ്ധാപൂർവ മായ ശ്രവണം വഴിയാണ് തന്നെത്തന്നെ മനസ്സിലാക്കുന്നതും ദൈവ ത്തിന്റെയും സഹോദരീസഹോദരന്മാരുടെയും മുഖം കണ്ടെത്തുന്ന തുമെന്ന് വി. ജെറോമിന് ബോധ്യമുണ്ടായിരുന്നു. വിശുദ്ധ ലിഖിതങ്ങളിൽ എഴുതപ്പെട്ടിരിക്കുന്നതു ഗ്രഹിക്കാതെ ദൈവത്തോടുള്ള സ്നേഹം ഉറ വയെടുക്കുകയില്ല. ഹൃദയത്തിൽ നിറയുന്ന ഈ സ്നേഹമാണ് ക്രൈസ്തവ ജീവിതത്തെ പരിപോഷിപ്പിക്കുന്നത്.

വിശുദ്ധലിഖിതങ്ങളിൽ സഭയെ ഭരമേല്പിച്ചിരിക്കുന്ന ദൈവവച നത്തോടുള്ള തീവ്രമായ സ്നേഹമാണ് വി. ജെറോമിന്റെ ആധ്യാത്മിക തയുടെ പ്രത്യേകത. വിശുദ്ധഗ്രന്ഥത്തെക്കുറിച്ചുള്ള അജ്ഞത ക്രിസ്തു വിനെക്കുറിച്ചുള്ള അജ്ഞതയാണെന്നു പറയുന്ന വിശുദ്ധൻ ക്രിസ്തു വിനെക്കുറിച്ചറിയാൻ വിശുദ്ധഗ്രന്ഥം മുഴുവൻ ആവശ്യമാണെന്ന് പഠി പ്പിക്കുന്നു. എമ്മാവൂസിലേക്കു പോകുന്ന ശിഷ്യരോട് തന്നെക്കുറിച്ചു ള്ള രഹസ്യം വിശദീകരിക്കാൻ ക്രിസ്തു സങ്കീർത്തനങ്ങളും പ്രവാച കരേയും ഉദ്ധരിക്കുന്നതു നാം കാണുന്നുണ്ട് ( ലൂക്കാ 4,16-21; 24,27.44-47). അപ്പസ്തോലപ്രവർത്തനങ്ങളിലെ ശിഷ്യപ്രമുഖരായ പത്രോസിന്റെയും പൗലോസിന്റെയും പ്രഘോഷണങ്ങളും പഴയനിയമത്തിൽ വേരുറപ്പി ച്ചവയായിരുന്നു. പഴയനിയമകര്യാൻവാസിൽ മാത്രമേ മരണോത്ഥാന ങ്ങളിൽ വെളിപ്പെടുന്ന ക്രിസ്തുവിനെ ആഴത്തിൽ അറിയുവാൻ സാധി ക്കുകയുള്ളൂ. നാം വിശുദ്ധഗ്രന്ഥം മുഴുവൻ വായിക്കുക എന്ന ആവ ശ്യകതയിലേക്കാണ് ഇതു വിരൽ ചൂണ്ടുന്നത്. വിശുദ്ധഗ്രന്ഥ പഠന ത്തിന് വി. ജെറോം വലിയ പ്രാധാന്യം നൽകിയിരുന്നു. ദൈവവചനം ഗ്രഹിക്കാൻ വ്യക്തിപരമായ പരിശ്രമം ആവശ്യമാണ്.എന്നാൽ അതോ ടോപ്പം, മുദ്രവയ്ക്കപ്പെട്ടതുപോലെയുള്ള വിശുദ്ധലിഖിതത്തിലെ സന്ദേ ശമായ ക്രിസ്തുവിനെ അറിയാൻ അവിടുന്നുതന്നെ മുദ്രകൾ തുറക്ക ണമെന്നും (വെളി 5,1-10) നാമറിയണം. ഉന്നതങ്ങളിൽനിന്നു മാത്രമേ അതിലെ കൃപാവർഷം നമുക്ക് വെളിപ്പെടുത്തി കിട്ടുകയുള്ളൂ (ലൂക്കാ 4,17-21).

**വിശുദ്ധഗ്രന്ഥവും ലിറ്റർജിയും**

ദൈവവചനത്തിന്റെ ഭവനം സഭയായതിനാൽ, വചനത്തിന്റെ ആഴത്തിലേക്കിറങ്ങാൻ ലിറ്റർജിക്ക് പ്രാധാന്യം കൊടുക്കണമെന്ന് പരി ശുദ്ധ ബനഡിക്റ്റ് 16-ാമൻ പാപ്പ " കർത്താവിന്റെ വചനം"എന്ന അപ്പ സ്തോലികാഹ്വാനത്തിൽ പറയുന്നു (നമ്പർ 52). വിശുദ്ധഗ്രന്ഥവും

ലിറ്റർജിയുമായുള്ള ബന്ധം സഭാസമൂഹം കൂടുതൽ മനസ്സിലാക്കേണ്ട തുണ്ട്. വിശുദ്ധഗ്രന്ഥവും ലിറ്റർജിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് രണ്ടാം വത്തിക്കാൻ കൗൺസിൽ ആരാധനാക്രമത്തെക്കുറിച്ചുള്ള പ്രമാണരേഖയിൽ വിശദീകരിക്കുന്നത് (ആരാധനാക്രമം, 24) ഇവിടെ പ്രസക്തമാണ്. ദൈവം തന്റെ ജനത്തോട് സംസാരിക്കുന്ന സവിശേഷ പശ്ചാത്തലമാണ് ലിറ്റർജി. വിശുദ്ധലിഖിതങ്ങളിൽ സന്നിഹിതനായിരിക്കുന്ന ക്രിസ്തുതന്നെയാണ ് ലിറ്റർജിയിലൂടെ സംസാരിക്കുന്നത്. ദൈവവചനത്തിന്റെ പൂർണ്ണവും തുടരുന്നതും കാര്യക്ഷമവുമായ അവതരണമാണ് ആരാധനാഘോഷങ്ങൾ. വിശുദ്ധ കുർബാനയിലാണ് ദൈവവചനവായനയും ലിറ്റർജിയും തമ്മിലുള്ള ബന്ധം അതിന്റെ പാരമ്യത്തിലെത്തുന്നത്. ആരാധനാവത്സരത്തിന്റെ വിവിധ കാലങ്ങളിലൂടെ വിശുദ്ധലിഖിതം സജീവമായി പ്രഘോഷിക്കപ്പെടുകയും അതുവഴി സഭ രക്ഷാകരരഹസ്യത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങിചെല്ലുകയും ചെയ്യുന്നു. ആരാധനാനുഷ്ഠാനങ്ങളിൽ ദൈവവചനത്തോടൊപ്പം പരിശുദ്ധാത്മാവിന്റെ ആന്തരിക പ്രവർത്തനവുമുണ്ട്. വിശുദ്ധലിഖിതരചനയിൽ പ്രവർത്തിക്കുന്ന പരിശുദ്ധാത്മാവുതന്നെയാണ് അതിന്റെ സന്ദേശം ഓരോ വ്യക്തിയിലും ലിറ്റർജിയിലൂടെ എത്തിക്കുന്നത്. അതുവഴി ലിറ്റർജിയിൽ ദൈവവചനം കാലികവും സജീവവുമായ വചനമായി ആഘോഷിക്കപ്പെടുന്നു.

**വിശുദ്ധഗ്രന്ഥവും കേരള സഭയും**

വിശുദ്ധലിഖിതത്തോടുള്ള വി. ജെറോമിന്റെ ''സജീവവും ഹൃദ്യവുമായ സ്നേഹം''കേരള സഭയിൽ പ്രകടമാണെന്നത് ഏറെ അഭിമാനകരമാണ്. ദൈവവചനത്തോടുള്ള ആഭിമുഖ്യം പലതലങ്ങളിലായി ഇവിടെ ആഴപ്പെടുന്നു എന്നു പറയാം കേരളത്തിലെങ്ങുമുള്ള വചനപ്രഘോഷണങ്ങളും ബൈബിൾ പഠനവേദികളും ആഗോളതലത്തിൽതന്നെ പ്രശംസിക്കപ്പെടുന്ന ലോഗോസ്ക്വിസ്പോലുള്ള സംരംഭങ്ങളും സമ്പൂർണ്ണ ബൈബിൾ പാരായണവും ബൈബിളിലേക്ക് ഇറങ്ങിചെല്ലാൻ സഭാതനയരെ വളരെയധികം സഹായിക്കുന്നുണ്ട്. ക്രിസ്തുവിനെ കൂടുതലായി അറിയാൻ വിശുദ്ധഗ്രന്ഥം മുഴുവൻ വായിക്കണമെന്ന വി. ജെറോമിന്റെ ഉപദേശമാണ് കേരള സഭ ഇവിടെ പിഞ്ചെല്ലുന്നത്.

വി. ജെറോം സഭയ്ക്കു പകർന്നു നൽകിയ മറ്റൊരു പാരമ്പര്യമാണ് വിശുദ്ധഗ്രന്ഥ വ്യാഖ്യാനത്തിനുള്ള പ്രാധാന്യം . ഈ പ്രാധാന്യം തിരിച്ചറിഞ്ഞ് കേരള കത്തോലിക്കാ മെത്രാൻ സമിതി ബൈബിൾ കമ്മീ

ഷന്റെ നേതൃത്വത്തിൽ ഈ രംഗത്ത് കൂടുതൽ ശ്രദ്ധപതിപ്പിക്കുന്നു. എഴുതപ്പെട്ട ദൈവവചനം അതിന്റെ സംശുദ്ധിയിൽ ദൈവജനത്തിന്റെ പക്കൽ എത്തണമെന്ന ആഗ്രഹത്തോടെയാണ്, 1981-ൽ പിഒസി പുറത്തിറക്കിയ മലയാള ബൈബിൾ വീണ്ടും മൂലഭാഷകളുമായി ബൈബിൾ വിജ്ഞാനീയത്തിലെ പുതിയ ഉൾക്കാഴ്ച്ചകളുടെ വെളിച്ചത്തിൽ ഒത്തുനോക്കി പരിഷ്കരിക്കാൻ ബൈബിൾ കമ്മീഷനെ ചുമതലപ്പെടുത്തിയത്. പഴയനിയമ പരിഷ്കരണം ബൈബിൾ പണ്ഡിതന്മാരുടെ നേതൃത്വത്തിൽ പൂർത്തിയായികൊണ്ടിരിക്കുന്നു. പരിഷ്കരണം പൂർത്തിയാക്കിയ പുതിയനിയമം ഹ്രസ്വവ്യാഖ്യാനങ്ങളും കുറിപ്പുകളുമായി പഠന ബൈബിളായി പിഒസിയിൽ നിന്നും പ്രസിദ്ധീകരിച്ചു. വിശുദ്ധഗ്രന്ഥപഠനത്തിന് ഊന്നൽ നല്കണമെന്ന് വിശുദ്ധലിഖിതത്തോടുള്ള ഭക്തി എന്ന സന്ദേശത്തിലെ ഫ്രാൻസിസ്പാപ്പയുടെ ആഹ്വാനം ഉൾക്കൊണ്ട്, വചനപഠന വേദികളിലും പ്രാർത്ഥനക്കൂട്ടായ്മകളിലും ബൈബിൾ കമ്മീഷന്റെ  ഈ പുതിയനിയമ പഠന ബൈബിൾ ഉപയോഗിക്കാൻ ഏവരും  താത്പര്യമെടുക്കണം.

ദൈവവചനപഠനത്തിന് മൂലഭാഷകളുമായുള്ള പരിചയം അനിവാര്യമാണെന്ന് വി. ജെറോം പറയുന്നുണ്ട്. ഞാനൊരു പുരോഹിതനായിരുന്നെങ്കിൽ വിശുദ്ധഗ്രന്ഥം ആഴത്തിൽ മനസ്സിലാക്കാൻ ഹീബ്രു-ഗ്രീക്ക് ഭാഷകൾ പഠിക്കുമായിരുന്നെന്ന വിശുദ്ധ കൊച്ചുത്രേസ്യയുടെ തീക്ഷ്ണതയും സഭാസമൂഹത്തിന് ഇവിടെ മാതൃകയാണ്. മൂലഭാഷയിൽ വചനം വായിക്കാൻ സഹായകമാണ് ബൈബിൾ സൊസൈറ്റിയുടെ പുതിയ സംഭാവനയായ മലയാളം-ഗ്രീക്ക് പുതിയനിയമം ഇന്റർലീനിയർ. ഹീബ്രു-ഗ്രീക്ക് ഭാഷകൾ ലളിതമായ രീതിയിൽ പഠിക്കാനുള്ള പഠനഗ്രന്ഥങ്ങളും സൊസൈറ്റി പുറത്തിറക്കിയിട്ടുണ്ട്. മതപഠനക്ലാസുകളിൽ ഈ ഭാഷകൾ കുട്ടികളെ പരിചയപ്പെടുത്തുന്നത് നല്ലൊരു  തുടക്കമായിരിക്കും.വിശുദ്ധഗ്രന്ഥത്തിന്റെ ആഴങ്ങളിലേക്കിറങ്ങാനും ആത്മീയമായ ശക്തി സംഭരിക്കാനും സഹായിക്കുന്നതാണ് ‘‘ദൈവവചനവായന’’. ദൈവവചനഭാഗങ്ങൾ വായിച്ച് ധ്യാനിക്കുകയും അത് ജീവിതത്തിലേക്കു പകർത്താൻ ശ്രമിക്കുകയും ചെയ്യുന്ന പുരാതനമായ ഒരു വചനധ്യാന രീതിയാണിത്. വായന, വിചിന്തനം, പ്രാർത്ഥന, ധ്യാനം, പ്രവൃത്തി എന്നിങ്ങനെയുള്ള അഞ്ചു പടികളാണ് ഇതിനുള്ളത്. ഇടവകകളിൽ ‘‘ദൈവീക വായന’’യ്ക്കു വേദികളൊരുക്കി, ദൈവജനത്തെ ആത്മീയമായി ശക്തിപ്പെടുത്തുന്നത് ഈ കോവിഡ് കാലത്തെ വലിയ ഒരു  ആത്മീയ ശുശ്രൂഷയായിരിക്കും.

കോവിഡ്-19 പടർന്നു പിടിച്ച ഈ നാളുകളിൽ കുടുംബങ്ങളിൽ കൂടുതൽ വായിക്കപ്പെടുന്നത് ബൈബിൾ ആണെന്നത് ഏറെ സന്തോഷകരമാണ്. വചന പാരായണ മാസമായ ഡിസംബറിൽ ദേവാലയങ്ങളിൽ അധികംപേർക്ക് ഒന്നിച്ച് കൂടുവാൻ സാധിക്കാത്ത പശ്ചാത്തലത്തിൽ ഇടവകകൾ നേതൃത്വം കൊടുത്ത് വീടുകളിൽ അഖണ്ഡ ബൈബിൾപാരായണം സംഘടിപ്പിക്കുന്നത് ഉചിതമായിരിക്കും. നിരവധി രൂപതകളും സംഘടനകളും വ്യക്തികളും ഈ സമയത്ത് ബൈബിൾ അധിഷ്ഠിത ഓൺലൈൻ പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നു എന്നത് സന്തോഷത്തോടെ ഇവിടെ അനുസ്മരിക്കുന്നു.

വിശുദ്ധ ജറോമിനുണ്ടായിരുന്നപോലെ, “ സജീവവും ഹൃദ്യവുമായ സ്നേഹം ” വിശുദ്ധ ലിഖിതത്തോടു പുലർത്താൻ സഭാവിശ്വാസികളേവരേയും സ്നേഹപൂർവ്വം ആഹ്വാനം ചെയ്തുകൊണ്ടും ക്രിസ്മസിന്റെ ദൈവാനുഗ്രഹങ്ങൾ നേർന്നുകൊണ്ടും,

+ **ബിഷപ് റൈറ്റ് റവ.ഡോ.ജെയിംസ് ആനാപറമ്പിൽ**
ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

+ **ബിഷപ് മാർ ജേക്കബ് മനത്തോടത്ത്**
വൈസ് ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

+ **ബിഷപ് തോമസ് മാർ യൗസേബിയൂസ്**
വൈസ് ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

പി.ഒ.സി.,
കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
കൊച്ചി-682 025.



## Circular 17/ 2020

വന്ദ്യ സഹോദരരേ, വത്സല മക്കളേ,

"നിങ്ങൾ നിങ്ങളുടെ വിശ്വാസത്തിൽ നിലനിൽക്കുന്നുണ്ടോ എന്ന് പരിശോധിക്കുവിൻ; നിങ്ങളെ തന്നെ പരീക്ഷിച്ചറിയുവിൻ" (2 കോറിന്തോസ് 13:5) എന്ന് വിശുദ്ധ പൗലോസ് അപ്പസ്തോലൻ നമ്മോട് ഉദ്ബോധിപ്പിക്കുന്നു. ക്രൈസ്തവ ജീവിതം നയിക്കുന്ന എല്ലാവരും പ്രത്യേകിച്ച് വൈദികർ ഇത് നിർബന്ധമായും ചെയ്യേണ്ടതാണ്. നമ്മുടെ ബഹുമാനപ്പെട്ട അച്ചന്മാരുടെ വാർഷിക ധ്യാനത്തെക്കുറിച്ചാണ് ഈ കത്ത്.

ബഹുമാനപ്പെട്ട അച്ചന്മാർ ഈശോയുടെ സ്ഥാനപതികളായതുകൊണ്ട് ഈശോയെപ്പോലെ തന്നെ വിശുദ്ധരായിരിക്കണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്നു. ഇതിന് നിരന്തരമായ പ്രാർത്ഥനയും കൂദാശകളുടെ സ്വീകരണവും വചനധ്യാനവും ആവശ്യമാണ്. ഈ ലക്ഷ്യം മുൻനിർത്തികൊണ്ടാണ് എല്ലാ വൈദികരും ആണ്ടിലൊരിക്കൽ നാലു ദിവസത്തിൽ കുറയാത്ത വാർഷിക ധ്യാനം നടത്തണമെന്ന് സഭാ നിയമം നിഷ്കർശിക്കുന്നത് (**CCEO, No.369/2; PL. No.45).** സഭാ പിതാക്കൻമാരൊക്കെ ആദ്ധ്യാത്മിക ജീവിതത്തിൽ വാർഷിക ധ്യാനത്തിന്റെ പ്രാധാന്യം എടുത്ത് പറഞ്ഞിട്ടുണ്ട്. രൂപതാ വൈദികരെല്ലാവരും തങ്ങളെ വിളിച്ച തിരുനാഥന്റെ തൃപ്പാദത്തിങ്കലിരുന്ന്, അവിടുത്തെ വചനം ധ്യാനിച്ച്, സ്വയം പരിശോധിച്ച് നവീകരണം വരുത്തേണ്ടതാണ്.

ഈ വർഷത്തെ നമ്മുടെ ബഹുമാനപ്പെട്ട അച്ചന്മാരുടെ വാർഷിക ധ്യാനം 2020 നവംബർ 16 മുതൽ 21 വരെ ജ്ഞാനനിലയത്തിൽ വച്ച് നടത്തുകയാണ്. ഈ വർഷം അച്ചന്മാരെ ധ്യാനിപ്പിക്കുന്നത് ബഹുമാനപ്പെട്ട ജോസഫ് വാണിയന്തറ വി.സി. അച്ചനാണ്.

നമ്മുടെ രൂപതയിലെ ബഹുമാനപ്പെട്ട അച്ചന്മാർക്കുവേണ്ടിയുള്ള ഈ ധ്യാനത്തിന്റെ വിജയത്തിനായി നിങ്ങളെല്ലാവരും പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. രൂപതയിലുള്ള എല്ലാ വൈദികരും ഒരുമിച്ച് വിശുദ്ധ കുർബ്ബാന അർപ്പിക്കുകയും ആരാധന നടത്തുകയും വചനം ധ്യാനിക്കുകയും ചെയ്യുന്നത് വലിയ ദൈവാനുഗ്രഹത്തിന്റെ അവസരമാണ്. നവംബർ 17 മുതൽ 21 വരെ അച്ചന്മാർ ധ്യാനത്തിലായിരിക്കുന്നതുകൊണ്ട് ഇടവകാ പള്ളികളിൽ വിശുദ്ധ കുർബ്ബാന ഉണ്ടായിരിക്കുന്നതല്ല.

ഈ വർഷം കോവിഡ്-19ന്റെ പശ്ചാത്തലത്തിൽ അതിന്റെ പ്രോട്ടോക്കോൾ എല്ലാം പാലിച്ചുകൊണ്ടാണ് ധ്യാനം നടത്തുന്നത്. എല്ലാ വൈദികരും ഈ ധ്യാനത്തിൽ നിർബന്ധമായും പങ്കെടുക്കണമെന്ന് അറിയിക്കുന്നു. നിങ്ങളെല്ലാവരും ധ്യാന വിജയത്തിനുവേണ്ടി പ്രാർത്ഥിക്കണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുന്നു.

എല്ലാറ്റിനേയും നവീകരിക്കുന്ന(സങ്കീ. 104 : 30) ദൈവത്തിന്റെ പരിശുദ്ധാത്മാവ് ഈ ധ്യാനം വഴി നമ്മുടെ ബഹുമാനപ്പെട്ട വൈദികർക്ക് വലിയ നവീകരണ അനുഭവം നൽകട്ടേയെന്ന് നമുക്ക് പ്രാർത്ഥിക്കാം. ഏവരേയും +പിതാവിന്റേയും +പുത്രന്റെയും +പരിശുദ്ധാത്മാവിന്റേയും നാമത്തിൽ ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു.

ബെൽത്തംഗഡി
01-11-2020

+ മാർ ലോറൻസ് മുക്കുഴി
ബെൽത്തംഗഡി രൂപതയുടെ മെത്രാൻ

---

NB: ഈ സർക്കുലർ 08.11.2020ന് എല്ലാ കുർബാന മദ്ധ്യേയും വായിക്കേണ്ടതാണ്.

# രൂപതാകാര്യാലയം

*അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം!*

*ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്കു സമാധാനം (ലൂക്ക 2:14).*

എല്ലാവർക്കും ക്രിസ്തുമസ്സിന്റെയും പുതുവത്സരത്തിന്റെയും ആയിരമായിരം മംഗളങ്ങൾ! ഒപ്പം പുതുവർഷം കൂടുതൽ ദൈവാനുഗ്രഹത്തിന്റെയും സന്തോഷത്തിന്റെയും ദിനങ്ങളായിരിക്കട്ടെ എന്ന് ആശംസിക്കുന്നു.

## 1) Pope's Monthly Intention for December - 2020

"പ്രാർത്ഥനയുടെ ജീവിതത്തിനായി നമുക്ക് പ്രാർത്ഥിക്കാം, പ്രത്യേകിച്ച് നമ്മുടെ പ്രാർത്ഥനാ ജീവിതവും, ദൈവവചനവും വഴി യേശുവുമായുള്ള ബന്ധം പരിപോഷിപ്പിക്കാൻ ഞങ്ങളെ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു".

**2) ഓർമ്മിക്കേണ്ട ദിവസങ്ങൾ**

**ഇരുപത്തഞ്ച് നോമ്പാരംഭം**

1 മംഗലവാർത്ത ഒന്നാം ചൊവ്വ

3 മംഗലവാർത്ത ഒന്നാം വ്യാഴം- വി. ഫ്രാൻസിസ് സേവ്യർ

4 മംഗലവാർത്ത ഒന്നാം വെള്ളി - ആദ്യ വെള്ളി

6 മംഗലവാർത്ത രണ്ടാം ഞായർ

7 മംഗലവാർത്ത രണ്ടാം തിങ്കൾ- വി. അംബ്രോസ് മെ.

8 മംഗലവാർത്ത രണ്ടാം ചൊവ്വ

പ. ക. മറിയത്തിന്റെ അമലോത്ഭവ തിരുനാൾ

13 മംഗലവാർത്ത മൂന്നാം ഞായർ

14 മംഗലവാർത്ത മൂന്നാം തിങ്കൾ

കുരിശിന്റെ വി. യോഹന്നാൻ

18 മംഗലവാർത്ത മൂന്നാം വെള്ളി - മൈലാപ്പൂരിലെ അദ്ഭുത സ്ലീവാ

20 മംഗലവാർത്ത നാലാം ഞായർ

25 നമ്മുടെ കർത്താവീശോമിശിഹായുടെ പിറവിത്തിരുനാൾ

26 വി. എസ്തപ്പാനോസ് വേദസാക്ഷി
– വി. യോഹന്നാൻ (27)

27 പിറവി ഒന്നാം ഞായർ – തിരുക്കുടുംബം

28 കുഞ്ഞിപ്പൈതങ്ങൾ (ശിശുദിനം)

31 വർഷാവസാനം

**3) Let us pray for Rev. Fathers :**

## *Prayerful Greetings to Very Rev & Rev Fathers*

### *Birth day :*

| | |
|---|---|
| Joseph Puthettupadavil | 01 |
| Mathew Alappatt | 06 |

### *Feast day*

| | |
|---|---|
| Xavier Vadakeyil | 03 |
| Mani Veluthedathuparambil | 25 |
| John Maliekal | 27 |

### *Ordination Day*

| | |
|---|---|
| Mathew Alappatt | 27 |
| Jose Ayamkudy | 27 |
| John Maliekal | 27 |
| Varkey Malikayil | 27 |
| Sebastian Poovathingal | 27 |
| Paulose Kochuputhanpurackal | 27 |
| Joseph Theruvamkunnel MCBS | 27 |
| Peter Patharamchira | 27 |

| | |
|---|---|
| Christin Puthiyakunnel | 27 |
| Joseph Puthuparambil | 27 |
| Mathew Ambatt | 28 |
| Abraham Patteril | 28 |
| Joseph Kurialassery | 28 |
| Joseph Pampackal | 28 |
| Thomas Puthiyara | 28 |
| Augustine Pottamkulangara | 28 |
| Mathew Thazhekattil | 28 |
| Joseph Puthussery | 28 |
| Joseph Cheeran | 28 |
| Joseph Kelamparambil | 28 |
| Mathew Kottarathil | 29 |
| Rocky Menacherry | 29 |
| Davasia Vadakkeveettil | 29 |
| Thomas Pullattu | 29 |
| Joseph Puthiyedath | 29 |
| Joseph Valookaran | 29 |
| Francis Odampally | 29 |
| Joseph Mukkatt | 29 |
| Alex Ottplackal CMI | 30 |
| Thomas Panachickal | 30 |
| Sebastian Punnathanath | 30 |
| Xavier Vadakeyil | 30 |
| George Pazheparambil | 30 |
| Jacob Parambukattil | 31 |
| Joseph Poothakkuzhiyil | 31 |

## 4) Transfers and Appointments :

| Names & Surname | Parish | Designation |
|---|---|---|
| Rev. Fr. Thazhekkattil Mathew | Ajekar | Vicar |

**5) വൈദികരുടെയും, കണക്കൻമാരുടെയും ഓൺലൈൻ സമ്മേളനം:**

രൂപതയിലെ എല്ലാ വൈദീകർക്കും കണക്കൻമാർക്കുംവേണ്ടി ഒക്ടോബർ 30-ന് രാവിലെ 10.00 മണി മുതൽ 12.30 മണി വരെ പുതിയ ആദായനികുതി പരിശീലന പരിപാടി ഓൺലൈനായി നടന്നു. ഓഡിറ്റർ ശ്രീ. ജോസഫ് വി. റ്റി. (സി. എ.) ക്ലാസ് നയിച്ചു. ക്ലാസിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി അറിയിക്കുന്നു.

## 6) Retreat for Priest :

ബെൽത്തംഗഡി രൂപതയിൽ സേവനം ചെയ്യുന്ന എല്ലാ വൈദികർക്കുമായി ഈ വർഷത്തെ വാർഷിക ധ്യാനം ജ്ഞാനനിലയത്തിൽ വച്ച് 2020 നവംബർ 16 തിങ്കളാഴ്ച്ച വൈകുന്നേരം 6 മണിക്ക് ആരംഭിച്ച് 20 ന് ശനിയാഴ്ച്ച രാവിലെ 8 മണിക്ക് സമാപിച്ചു. പ്രസിദ്ധ ധ്യാന ഗുരുവായ ബഹു. ജോസഫ് വണിയംത്തറ വി.സി. അച്ചനാണ് ധ്യാനം നയിച്ചത്.

**7) നന്ദി:**

ബഹു. ജോസഫ് (സജി) വെളിയത്ത് എസ്. ജെ. ബി. അച്ചൻ അജെക്കാർ വി. അൽഫോൻസ ഇടവക ദേവാലയത്തിൽ കഴിഞ്ഞ ഒരു വർഷത്തെ സ്തുത്യർഹമായ സേവനത്തിനുശേഷം മാതൃ സഭയിലേക്ക് തിരിച്ചുപോകുന്നു. ജോസഫ് അച്ചൻ രൂപതാകുടുംബത്തിന്റെ നന്ദിയും ആശംസകളും നേരുന്നു.

**8) വെഞ്ചിരിപ്പ്:**

കൽമക്കിയിൽ പുതുക്കി പണിത ദേവാലയം 21-07-2019 ന് അഭി. ലോറൻസ് മുക്കുഴി പിതാവ് വെഞ്ചിരിച്ചു. മനോഹരമായ ദേവാലയം പുതുക്കി പണിയാൻ നേതൃത്വം വഹിച്ച ബഹു. റോക്കി മേനാച്ചേരി അച്ചനും, ഇടവക ജനങ്ങൾക്കും ആശംസകൾ നേരുന്നു.

**9) ആരാധനാക്രമ പഞ്ചാംഗം :**

2021 വർഷത്തെ ആരാധനാക്രമ പഞ്ചാംഗം, ബൈബിൾ വായന കലണ്ടർ എന്നിവ രൂപതാ ഫിനാൻസ് ഓഫീസിൽ ലഭ്യമാണ്.


**10) Sunday Collection : December 27 - Family Day**

**Fr. Lawrence Poonolil**
Chancellor

---

## Congratulations To Dn. Mathew Arayandiyil

## Received Diaconate from Card. Luis Antonio Tagle, Prefect of the Congregation for the Evangelization of peoples.



# മതബോധന രംഗം

**"അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം! ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്കു സമാധാനം!!"– (ലൂക്ക 2:14) ക്രിസ്മസ്, പുതുവത്സരാശംസകൾ !!!**

സ്നേഹത്തിന്റെയും സമാധാനത്തിന്റെയും വിത്തുകൾ പാകി ഭൂമിയെ സ്വർഗമാക്കാൻ വീണ്ടുമൊരു ക്രിസ്തുമസ് വന്നെത്തി. ലോകത്തിന്റെ പ്രകാശവും രക്ഷയുമായി പിറന്ന ഉണ്ണി യേശുവിന്റെ പിറവിത്തിരുനാളിന്റെ ഓർമ്മ ഉണർത്തികൊണ്ട് ആഗമന കാലത്തിലേക്ക് നമ്മൾ പ്രവേശിച്ചിരിക്കു കയാണ്. ക്രിസ്തുമസ്സിനു വേണ്ടിയുള്ള ഒരുക്കങ്ങളും ആരംഭിച്ചു. 25 നോബാചരണം തുടങ്ങി. ഉണ്ണി ഈശോയെ ഹൃദയത്തിൽ സ്വീകരിക്കുവാൻവേണ്ട ഒരുക്കങ്ങൾ നന്നായി നടത്തി ക്രിസ്തുമസിനുവേണ്ടി ഒരുങ്ങണം.

ക്രിസ്തുമസിനുവേണ്ടി പ്രത്യേകിച്ച് നാം ഒരുങ്ങുവാൻ ഈ വർഷം വിശ്വാസപരിശീലന കേന്ദ്രത്തിൽനിന്നും രണ്ടു പരിപാടികൾ നടത്തുന്നു. 1. കന്നഡയിൽ **"ഹാപ്പി ക്രിസ്മസ് 2020"** എന്ന പരിപാടി 2. കുട്ടികൾ 25 ദിവസം ചെയ്യേണ്ട കാര്യങ്ങൾ. ഈ പരിപാടികളിൽ പങ്കു ചേർന്ന് കർത്താവിനെ കൂടുതൽ അറിഞ്ഞ് വിശ്വാസത്തിൽ ആഴപ്പെടുവാൻ പരിശ്രമിക്കുക. **"ഹാപ്പി ക്രിസ്മസ് 2020"** എന്ന പ്രോഗ്രാം കാണുവാൻ Fr. Joseph M.T. Mattam എന്ന യുട്യൂബ് ചാനൽ കാണുക.

കുട്ടികൾക്ക് ചെയ്യുവാൻ തന്നിരിക്കുന്ന കാര്യങ്ങൾ കൃത്യമായി ചെയ്ത് ക്രിസ്മസ്സിനുവേണ്ടി ഒരുങ്ങുക. എല്ലാവർക്കും ക്രിസ്മസ്സിന്റെയും പുതുവർഷം 2021 ന്റെയും ആശംസകൾ നേരുന്നു.

**അർദ്ധവാർഷിക പരീക്ഷ** നന്നായി നടത്തിയതിനു എല്ലാ അദ്ധ്യാപകർക്കും നന്ദി അറിയിക്കുന്നു. **അദ്ധ്യാപകരുടെ വെബിനാർ** നാലു ബാച്ചുകളായി നടത്തപ്പെടുന്നു.

Time: 6.00 pm to 7.00 pm

Date and Foranes to participate

1st Batch - December 4th, 5th & 6th - Belthangady & Udane

2nd Batch - December 7th, 8th & 9th - Thottathady & Dharmasthala

3rd Batch - December 10th, 11th & 12th - Jadkal & Kankanady

4th Batch - December 13th, 14th & 15th - Kutruppady & Kodagu

എല്ലാ വിശ്വാസ പരിശീലകരും നിർബന്ധമായും ഈ വെബിനാറിൽ പങ്കെടുക്കേണ്ടതാണ്. സാധിക്കുന്ന ബഹുമാനപ്പെട്ട അച്ചൻമാരും ഇതിൽ പങ്കെടുക്കണമെന്ന് അപേക്ഷിക്കുന്നു.

**വേദപാഠ ക്ലാസ്സുകൾ**

വേദപാഠം വിവിധ ബാച്ചുകളായി ഇടവകയിൽ നടത്താൻ പരിശ്രമിക്കുന്നത് ഉചിതമാണ്. ഓരോ ആഴ്ചയിലും മൂന്നു ക്ലാസ്സുകളിലെ കുട്ടികളെ വിളിച്ച് ക്ലാസ്സ് നടത്തുക. അങ്ങനെ ഓരാ ആഴ്ച്ചയിലും മൂന്നു ക്ലാസ്സുകൾ വീതം നടത്തുക.

**വേദിക് അക്കാദമി**

വേദിക് അക്കാദമി എന്നത് ഒരു കോച്ചിംഗ് സെന്റർ ആണ്. ഇവിടെ ഉപരിതല പരിക്ഷകൾക്കുവേണ്ടി കോച്ചിംഗ് നടത്തപ്പെടുന്നു. (IAS, IPS, IFS മുതലായവ). ഈ സെന്റർ ഉള്ളത് എറണാകുളത്താണ്. 8-ാം ക്ലാസ്സുമുതലുള്ള കുട്ടികൾക്ക് തുടർച്ചയായി ഓൺലൈൻ കൊച്ചിംഗ് നൽകി അവരെ മുകളിൽ പറഞ്ഞ പരീക്ഷകൾക്ക് ഒരുക്കുന്നു. ശനി, ഞായർ ദിവസങ്ങളിൽ ആയിരിക്കും കൊച്ചിംഗ്. ഈ സെന്ററുമായി സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന വിഭാഗം ടൈ അപ്പ് നടത്തി കത്തോലിക്ക കുട്ടികൾക്ക് പഠിക്കുവാൻ അവസരം ഉണ്ടാക്കി കൊടുത്തിരിക്കുന്നതാന്നു. ആകെയുള്ള കോച്ചിങ്ങ് ഫീസ് 30,000 രൂപയാണ്. എന്നാൽ അച്ചന്റെ കത്തുണ്ടെങ്കിൽ പകുതി ഫീസ് കൊടുത്താൽ മതി. 8-ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്ക് 5 വർഷം കോച്ചിംഗ് കിട്ടും. തുടർന്നും വേണമെങ്കിൽ പഠിക്കാം. 11-ൽ പഠിക്കുന്നവർക്ക് 5 വർഷം കോച്ചിംഗ് കിട്ടും. ഡിഗ്രി പഠിക്കുന്നവർക്ക് 3 വർഷത്തെ കോച്ചിംഗ് ആയിരിക്കും. ഈ കോച്ചിംഗിന് ചേരാൻ ആഗ്രഹിക്കുന്നവർ വികാരി അച്ചന്റെ കത്തുമായി ജ്ഞാനനിലയത്തിൽ വന്നാൽ ഞാൻ റെക്കമെന്റേഷൻ ലെറ്റർ തരാം. പിന്നെ അവർക്ക് ഓൺലൈനിൽ സ്വന്തമായി രെജിസ്റ്റർ ചെയ്യാൻ സാധിക്കും. ഒരിക്കൽ രെജിസ്റ്റർ ചെയ്താൽ പിന്നെ 32 വയസ്സുവരെ ഇവർ നിങ്ങളെ സഹായിക്കും.

## ചെറുപുഷ്പ മിഷൻലിഗ്

**വിജയികൾക്ക് ആശംസകൾ !!!**

ഒക്ക്ടോബർ 25 ന് മണ്ട്യ, ഭദ്രാവതി, ബെൽത്തംഗഡി രൂപതകളിലെ മിഷൻലീഗ് കുട്ടികൾക്കുവേണ്ടി നടന്ന വെബിനാർ സംബദ്ധിച്ചു നടത്തപ്പെട്ട മത്സരത്തിലെ വിജയികൾ.

1. Riya Ann - Kattippalla 2. Maria Illickal - Guthigar
3. Isac Vallolil - Guthigar
4. Abi Ben Thadathil - Kankanady
5. Isabel Joster - Belthangady
6. Elizabeth Thiruthanathil - Thottathady
7. Melvin P. Tom - Bangady

**ഓർത്തു ചെയ്യാൻ**

**ക്രിസ്മസ്സിന് ഒരുക്കമായി 25 ദിവസം ചെയ്യേണ്ട കാര്യങ്ങൾ**

**ഡിസംബർ 1** - പുൽകൂട്ടിൽ പിറന്ന ഉണ്ണീശോയെ, എന്റെ ഹൃദയത്തിൽ വന്നു പിറക്കണമേ (50) - പാപികളുടെ മാനസാന്തരത്തിനുവേണ്ടി.

**ഡിസംബർ 2** - ജപമാലയുടെ ഒരു രഹസ്യം മുട്ടിന്മേൽ നിന്ന് ചൊലിലുക - ശുദ്ധീകരണാത്മാക്കൾക്കുവേണ്ടി.

**ഡിസംബർ 3** - മൂന്നു വിശ്വാസപ്രമാണം ചൊല്ലുക - യേശുവിൽ വിശ്വസിക്കാത്തവർക്കുവേണ്ടി.

**ഡിസംബർ4** - ഒരുനേരം ഭക്ഷണം ഉപേക്ഷിക്കുക - കോവിഡ് മഹാമാരിയിൽനിന്നും ലോകത്തിന് മുക്തി ലഭിക്കുന്നതിനുവേണ്ടി.

**ഡിസംബർ 5** - പത്ത് നന്മനിറഞ്ഞമറിയമേ - രാഷ്ട്രീയ നേതാക്കൾക്കുവേണ്ടി.

**ഡിസംബർ 6** - എന്റെ ഉണ്ണീശോയെ നിന്നെ ഞാൻ സ്നേഹിക്കുന്നു - കുടുംബ സമാധാനത്തിനുവേണ്ടി.

**ഡിസംബർ 7** - ദിവ്യകാരുണ്യ നാഥാ ഞങ്ങളുടെമേൽ ദൈവകാരുണ്യം വർഷിക്കണമേ - എല്ലാ ബാലികാബാലന്മാർക്കും വേണ്ടി.

**ഡിസംബർ 8** - ഒരു എത്രയും ദയയുള്ള മാതാവേ - നീതി ലഭിക്കാതെ ജയിലിൽ കഴിയുന്നവർക്കുവേണ്ടി.

**ഡിസംബർ 9** - ഒരു പരസ്നേഹ പ്രവർത്തി - മദ്യപാനികൾക്കുവേണ്ടി.

**ഡിസംബർ 10 -** അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം, ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്ക് സമാധാനം (50 പ്രാവശ്യം) - വീട്ടിലുള്ള ഓരോരുത്തർക്കുംവേണ്ടി.

**ഡിസംബർ 11 -** ഉണ്ണീശോയെ ഞങ്ങളുടെ ഭവനത്തിൽ വന്ന് പിറക്കണമേ - സമർപ്പിതർക്കുവേണ്ടി.

**ഡിസംബർ 12 -** 33 ത്രിത്വസ്തുതി - മിഷനരിമാർക്കുവേണ്ടി

**ഡിസംബർ 13 -** യോഹന്നാന്റെ സുവിശേഷം ഒന്നാം അധ്യായം വായിക്കുക - പാപികളുടെ മാനസാന്തരത്തിനുവേണ്ടി.

**ഡിസംബർ 14 -** ഇന്നേ ദിവസം ഇഷ്ട ഭക്ഷണം ഉപേക്ഷിക്കുക - സ്വയം വിശുദ്ധീകരണത്തിനുവേണ്ടി.

**ഡിസംബർ 15 -** അഞ്ച് സ്വർഗ്ഗസ്ഥനായ പിതാവേ - മക്കളില്ലാത്ത ദമ്പതികൾക്കുവേണ്ടി.

**ഡിസംബർ 16 -** എന്റെ ഉള്ളിൽ വസിക്കുന്ന ത്രിത്വൈക ദൈവമേ അങ്ങയെ ഞാൻ സ്തുതിക്കുന്നു (50) - യേശുവിനെ അറിയാത്തവർക്കുവേണ്ടി.

**ഡിസംബർ 17 -** പരിശുദ്ധ പരമ ദിവ്യ കാരുണ്യത്തിനു എന്നേരവും ആരാധനയും സ്തുതിയും പുകഴ്ചയും ഉണ്ടായിരിക്കട്ടെ (50) - ഇടവകയ്ക്കുവേണ്ടി.

**ഡിസംബർ 18 -** ഈശോയെ സ്നേഹത്തിൽ വേരൂന്നി ജീവിക്കുവാൻ എന്നെ സഹായിക്കണമേ (50) - യുവജനങ്ങൾക്കുവേണ്ടി.

**ഡിസംബർ 19 -** ആശയടക്കം - ദൈവജനത്തിന്റെ വിശുദ്ധീകരണത്തിനുവേണ്ടി.

**ഡിസംബർ 20 -** സന്ധ്യാ പ്രാർത്ഥന ഭക്തിപൂർവ്വം ചൊല്ലുക - നവജാത ശിശുക്കൾക്കുവേണ്ടി.

**ഡിസംബർ 21 -** വീട്ടുജോലികളിൽ മാതാപിതാക്കളെ സഹായിക്കുക - അനാഥ കുട്ടികൾക്കുവേണ്ടി.

**ഡിസംബർ 22 -** ഈശോയേ, വിശ്വാസം, പ്രത്യാശ, സ്നേഹം എന്നീ പുണ്യങ്ങളിൽ എന്നെ വളർത്തണമേ - ദൈവവിളിക്കുവേണ്ടി.

**ഡിസംബർ 23** - മഹിമയുടെ മൂന്നാം രഹസ്യം മുട്ടിൻമേൽ നിന്ന് ഭക്തി പൂർവ്വം ചൊല്ലുക - ക്രിസ്തീയ കുടുംബങ്ങൾക്കു വേണ്ടി.

**ഡിസംബർ 24** - വിശുദ്ധ കുർബാനയിൽ പങ്കുചേർന്ന് ഭക്തിയോടെ പ്രാർത്ഥിക്കുക - തിരുസഭയ്ക്കുവേണ്ടി.
ഈ കാര്യങ്ങൾ എല്ലാ ദിവസവും മുടങ്ങാതെ ചെയ്ത് നന്നായി ഒരുങ്ങുക.

**അനുസ്മരിക്കുന്ന തിരുനാൾ**
പരി. കന്യകാ മരിയത്തിന്റെ അമലോത്ഭവം (8)
വി. യോഹന്നാൻ ശ്ലീഹാ (27)

**വചനം :**
**ലൂക്കാ 2:12 -** പിള്ളക്കച്ചകൊണ്ട് പൊതിഞ്ഞ് പുൽത്തൊട്ടിയിൽ കിടത്തിയിരിക്കുന്ന ഒരു ശിശുവിനെ നിങ്ങൾ കാണും.

## തിരുബാലസഖ്യം

**അനുസ്മരിക്കുന്ന തിരുനാൾ**
ക്രിസ്തുമസ്, (25)
കുഞ്ഞിപ്പൈതങ്ങൾ (28)

**വചനം :**
യോഹ 1:1 - ആദിയിൽ വചനമുണ്ടായിരുന്നു. വചനം ദൈവത്തോടുകൂടെയായിരുന്നു. വചനം ദൈവമായിരുന്നു.

**ഫാ. ജോസഫ് മറ്റം**
ഡയറക്റ്റർ
വിശ്വാസ പരിശീലന കേന്ദ്രം

# ഫാമിലി അപ്പസ്തോലേറ്റ്

൧. **ബൈബിൾ ക്വിസ് :**

ദൈവവചനം ആഴത്തിൽ മനസ്സിലാക്കുവാൻവേണ്ടി നടത്തപ്പെടുന്ന ബൈബിൾ ക്വിസ്, വി. പൗലോസ് ഗലാത്തിയാക്കാർക്ക് എഴുതിയ ലേഖനത്തെ തുടർന്ന് എഫേസോസ്, ഫിലിപ്പി, കൊളോസോസ്, 1, 2 തെസലോനി എന്നീ ലേഖനങ്ങളുടെ മൂന്ന് അദ്ധ്യായങ്ങൾ വീതം ക്വിസ് മത്സരമായി നടത്തപ്പെട്ടു.

**ബൈബിൾ ക്വിസ് : 62.** വി. പൗലോസ് ഗലാത്തിയാക്കാർക്ക് എഴുതിയ ലേഖനം 6 -ാം അദ്ധ്യായം, എഫേസോസുകാർക്ക് എഴുതിയ ലേഖനം ആമുഖം, 1 അദ്ധ്യായങ്ങൾ

Winners:

1. Tessy Thomas Kathalankal Hebri
2. Leela Philip Alappatt Shirady
3. Deepthi Kadaparambil Mundaje
4. Marina Nikhil Alappatt Shirady

**ബൈബിൾ ക്വിസ് : 63.** വി. പൗലോസ് എഫേസോസുകാർക്ക് എഴുതിയ ലേഖനം 2, 3, 4 അദ്ധ്യായങ്ങൾ

Winners:

1. Lissy Jaimon Kattipalla
2. Mary Antony Kozhikadan Mundaje
3. Thresia Vazhakootam Nettana
4. Lincy Xeviour Baiju Pulickal Puttur

**ബൈബിൾ ക്വിസ് : 64.** വി. പൗലോസ് എഫേസോസുകാർക്ക് എഴുതിയ ലേഖനം 5, 6, അദ്ധ്യായങ്ങൾ

Winners:

1. Mathew Kumbikal Kutrupady
2. Jincy Joby Alappatte Shirady
3. Vinoy Joseph Valiyamurthankal Nettana
4. Nisha Jaison Patteril Battyal

**ബൈബിൾ ക്വിസ്** : **65** വി. പൗലോസ് ഫിലിപ്പിയർക്ക് എഴുതിയ ലേഖനം ആമുഖം, 1, 2 അദ്ധ്യായങ്ങൾ

Winners:

1. Jaison Patteril Battyal
2. Shaji K.A Padharanchira Nettana
3. Ramya Prajith Attupuram Addahole
4. Valsamma Jacob Thakadial Hebri

**ബൈബിൾ ക്വിസ്** : **66** വി. പൗലോസ് ഫിലിപ്പിയർക്ക് എഴുതിയ ലേഖനം 3, 4, അദ്ധ്യായങ്ങൾ

Winners:

1. Varghese Padharanchira Nettana
2. Elsy Thazathupeedikael Arla
3. Prathibha Saijo Valiyaparambil Kuthlur
4. Jaisy Patteril Battyal

**ബൈബിൾ ക്വിസ്** : **67**. വി. പൗലോസ് കൊളോസോസുകാർക്ക് എഴുതിയ ലേഖനം ആമുഖം, 1, 2 അദ്ധ്യായങ്ങൾ

Winners:

1. Thomas Parekattil Kutrupady
2. Mini Biju Mattappallil Thottathady
3. Jittumol Arla
4. Pushpa Shine Ajekar

**ബൈബിൾ ക്വിസ്** : **68**. വി. പൗലോസ് കൊളോസോസുകാർക്ക് എഴുതിയ ലേഖനം 3, 4 അദ്ധ്യായങ്ങൾ

Winners:

1. Joby Alappate Shirady
2. Mary Joseph Veshnal Nettana
3. Shiny Peedikaparambil Mantrady
4. Elizabeth Michael Nellamkuzhiyil Shirady

**ബൈബിൾ ക്വിസ്** : **69.** വി. പൗലോസ് തെസലോനിക്കാക്കാർക്ക് എഴുതിയ ലേഖനങ്ങൾ ആമുഖം, 1, 2, അദ്ധ്യായങ്ങൾ

Winners:

1. Lissy Thangachan Pauvathil Addahole
2. Jestina Sajan Kochupurackel Kalenja
3. Ancy Kumbikal Kutrupady
4. Thomas Thattarkunnel Nellyady

**ബൈബിൾ ക്വിസ്** : **70.** വി. പൗലോസ് തെസലോനിക്കാക്കാർക്ക് എഴുതിയ ലേഖനം 3, 4, 5 അദ്ധ്യായങ്ങൾ

Winners:

1. Leena John Ettiyil Hebri
2. Bessy Joseph Thalananickal
3. Lidiya Kunnathel Thottathady
4. Rosy Thattarkunnel Nellyady

**ബൈബിൾ ക്വിസ്** : **71.** വി. പൗലോസ് തെസലോനിക്കാക്കാർക്ക് എഴുതിയ രണ്ടാം ലേഖനം 1, 2, 3 അദ്ധ്യായങ്ങൾ

Winners:

1. Niclabose Kattipalla
2. Valsamma Scaria Puduparambil Kutrupady
3. Jincy Aby Neithelil Mardala Neeraje
4. Ancy Joby Battyal

**2. വിവാഹ ഒരുക്ക സെമിനാർ** : 2020 ഒക്ടോബർ 31, നവംബർ 1 തീയതികളിലായി ഓൺലൈൻ വിവാഹ ഒരുക്ക സെമിനാർ നടത്തപ്പെട്ടു. 58 പേർ ഇതിൽ പങ്കെടുത്തു. ക്ലാസ്സ് നയിച്ച എം.ജി.സി ടീമിനു പ്രത്യേകം നന്ദി.

**3. ക്ലാസ്സ്** : 2020 നവംബർ 22 -ാം തീയതി തോട്ടത്താടി ഇടവകയിലെ മാതൃവേദി അംഗങ്ങൾക്കുവേണ്ടി വി. കുർബ്ബാനയും, തുടർന്ന് ക്ലാസ്സും നടത്തപ്പെട്ടു. ക്ലാസ്സ് നയിച്ചത് ബഹു. തോമസ് പുതിയറ അച്ചനാണ്.

**4. കരോൾ ഗാന മത്സരം** : ഫാമിലി അപ്പസ്തോലേറ്റിന്റെയും, മീഡിയാ കമ്മീഷന്റെയും നേതൃത്വത്തിൽ 2020 ഡിസംബർ മാസത്തിൽ കരോൾഗാന മത്സരം നടത്തപ്പെടുന്നു.

**5. വിവാഹ ഒരുക്ക സെമിനാർ** : 2020 ഡിസംബർ 12-13 തീയതികളിലായി ഓൺലൈൻ വിവാഹ ഒരുക്ക സെമിനാർ നടത്തപ്പെടുന്നു. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ പേര് രജിസ്റ്റർ ചെയ്യുക.

**Fr.Thomas Putiyara**
Director, Family Apostolate

# യൂത്ത് അപ്പസ്തോലേറ്റ്

**1. വിശുദ്ധ കുരിശ് :**

താമരശ്ശേരിയിലെ കക്കാടംപൊയിൽ ഈരാട്ടുപ്പേട്ടയിലെ പൂഞ്ഞാർ എന്നീ സ്ഥലങ്ങളിൽ കഴിഞ്ഞ ദിവസങ്ങളിൽ ഒരുപറ്റം ആളുകൾ വിശുദ്ധകുരിശിനെ അവഹേളിക്കുന്ന വിധത്തിൽ അതിന്റെ മുകളിൽ കയറിയിരിക്കുകയും ഫോട്ടോ എടുക്കുകയും പേരുകൾ എഴുതുകയും ചെയ്തു. ‘‘വിശുദ്ധകുരിശിനെ അവഹേളിച്ചവരോട് ഞങ്ങൾക്കു പറയാനുള്ളത് ഇത്രമാത്രം’’ എന്ന തലക്കെട്ടിൽ വിശുദ്ധകുരിശിന്റെ മഹത്വത്തെ പുകഴ്ത്തി എസ്.എം.വൈ.എം.ന്റെ നേതൃത്വത്തിൽ 10 പേർ ചേർന്ന് ഇറക്കിയ വീഡിയോയ്ക്ക് സഹകരിച്ച അഭിവന്ദ്യ പിതാവിനും എല്ലാവർക്കും പ്രത്യേകം നന്ദി.

**Fr. Thomas Puthiyara**
Director, Youth Apostolate

# ಸಮಾಜ ಸೇವಾ ವಿಭಾಗ

**ಸ್ಮೈಕ್ ಸುರಕ್ಷಾ ಯೋಜನೆ:**

ಈ ಯೋಜನೆಯನ್ನು ಹೆಚ್.ಐ.ವಿ ಸೋಂಕಿತ ಮಕ್ಕಳ ಆರೋಗ್ಯ ಸುಧಾರಣೆ, ಪೌಷ್ಟಿಕ ಆಹಾರ ಪೂರೈಕೆ ಮತ್ತು ಶಿಕ್ಷಣಕ್ಕೆ ನೆರವು ನೀಡುವ ಉದ್ದೇಶದಿಂದ ಸರಸ್ಥೆ ಮಟ್ಟದಲ್ಲಿ ಅನುಷ್ಠಾನಗೊಳಿಸಿದ್ದು ಸೋಂಕಿತ ಮಕ್ಕಳ ಅಭಿವೃದ್ಧಿ ಮತ್ತು ಅವರನ್ನು ಸಮಾಜದ ಮುಖ್ಯ ವಾಹಿನಿಗೆ ತರುವುದು ಈ ಯೋಜನೆಯ ಮುಖ್ಯ ಉದ್ದೇಶವಾಗಿದೆ. ನವೆಂಬರ್ ತಿಂಗಳಲ್ಲಿ ರೂ. 37500/– ಧನ ಸಹಾಯ ಬಂದಿರುತ್ತದೆ.

**ಕಾರಿತಾಸ್ ಇಂಡಿಯಾ ತರಬೇತಿ ಕಾರ್ಯಕ್ರಮ:**

ದಿನಾಂಕ 21.10.2020 ರಿಂದ 24.10.2020 ರವರೆಗೆ ಕಾರಿತಾಸ್ ಇಂಡಿಯಾ ನವದೆಹಲಿ ವತಿಯಿಂದ ಮಹಿಳೆಯರ ಆರೋಗ್ಯ ಮತ್ತು ಸ್ವಚ್ಚತೆ ಬಗ್ಗೆ ತರಬೇತಿ ಕಾರ್ಯಕ್ರಮವನ್ನು ವೆಬಿನಾರ್ ಮೂಲಕ ಆಯೋಜಿಸಲಾಗಿತ್ತು. ಸಂಪನ್ಮೂಲ ವ್ಯಕ್ತಿಯಾಗಿ ಇಶ್ಲೀನ್ ಕೌರ್ ಹಾಗೂ ಡಾ। ರೂಪ ನವದೆಹಲಿ ಇವರು ಮಹಿಳೆಯರ ಋತುಸ್ರಾವ ಸಂಬಂದಿ ಆರೋಗ್ಯ ಸಮಸ್ಯೆಗಳು ಮತ್ತು ಪರಿಹಾರ ಹಾಗೂ ಸ್ವಚ್ಚತೆ ಬಗ್ಗೆ ಮಾಹಿತಿಯನ್ನು ನೀಡಿದರು. ಸಂಸ್ಥೆ ವತಿಯಿಂದ ಶ್ರೀಮತಿ ಸಿಸಿಲ್ಯಾ ತಾವ್ರೊ ಭಾಗವಹಿಸಿದ್ದರು.

**ಮಹಿಳಾ ಸಶಕ್ತತಾ ಕಾರ್ಯಕ್ರಮ;**

ಮಿಸೆರಿಯೋರ್ ಪ್ರಾಯೋಜಿತ ಮಹಿಳಾ ಸಶಕ್ತತಾ ಕಾರ್ಯಕ್ರಮವು ಕ್ರಾಸ್ ಸಂಸ್ಥೆಯ ನೇತೃತ್ವದಲ್ಲಿ ಡಿ.ಕೆ.ಆರ್. ಡಿ.ಎಸ್.ಸಂಸ್ಥೆಯ ಮೂಲಕ ಬೆಳ್ತಂಗಡಿ, ಪುತ್ತೂರು ಮತ್ತು ಕಡಬ ತಾಲೂಕುಗಳ 30 ಆಯ್ದ ಗ್ರಾಮಗಳಲ್ಲಿ ವ್ಯಾಪಿಸಿದೆ. ಒಟ್ಟು 123 ಮಹಿಳಾ ಸ್ವ–ಸಹಾಯ ಸಂಘಗಳು, 8 ಮಹಾಸಂಘಗಳು ಮತ್ತು 2 ನೋಂದಾಯಿತ ಒಕ್ಕೂಟಗಳು ಹಾಗೂ 1 ಜಿಲ್ಲಾ ಒಕ್ಕೂಟ ಇವೆ. ಒಟ್ಟು 1,326 ಮಂದಿ ಸದಸ್ಯರು ಸ್ವ–ಸಹಾಯ ಸಂಘದ ಸದಸ್ಯತ್ವ ಪಡೆದಿದ್ದಾರೆ.

ದಿನಾಂಕ 13.11.2020ರಂದು ಕಿರಣ್ ಮಹಿಳಾ ತಾಲೂಕು ಒಕ್ಕೂಟದ 2ನೇ ಅವಧಿಯ ಪಧಾಧಿಕಾರಿಗಳ ಆಯ್ಕೆ ನಡೆಯಿತು. ಅಧ್ಯಕ್ಷರಾಗಿ ಶ್ರೀಮತಿ ಉಷಾ ಜೋಯಿ, ಉಪಾಧ್ಯಕ್ಷರಾಗಿ ಶ್ರೀಮತಿ ಅಂಬಿಳಿ, ಕಾರ್ಯದರ್ಶಿಯಾಗಿ ಶ್ರೀಮತಿ ದೀಪ್ತಿ, ಜೊತೆ ಕಾರ್ಯದರ್ಶಿಯಾಗಿ ಶ್ರೀಮತಿ ಸಂಧ್ಯಾ ಪತ್ರೋಸ್, ಕೋಶಾಧಿಕಾರಿಯಾಗಿ ಶ್ರೀಮತಿ ಶೈಲಾ ಜೋಸೆಫ್, ಸದಸ್ಯರುಗಳಾಗಿ ಲಿಸ್ಸಿ, ತಂಗಮ್ಮ,

ಬಿಂದು ಮತ್ತು ವಲ್ಸಮ್ಮ ಎ.ಜೆ ಇವರು ಆಯ್ಕೆ ಆಗಿದ್ದಾರೆ. ಸಂಸ್ಥೆಯ ನಿರ್ದೇಶಕರಾದ ವಂ। ಫಾ। ಬಿನೋಯಿ ಎ.ಜೆ.ರವರು ಪದಾಧಿಕಾರಿಗಳ ಪಾತ್ರ ಮತ್ತು ಜವಾಬ್ದಾರಿಯ ಕುರಿತು ತರಬೇತಿ ನೀಡಿದರು. ಸಂಯೋಜಕಿ ಕು.ಶುಭ, ಕಾರ್ಯಕರ್ತರಾದ ಶ್ರೀಮತಿ ಎಲ್ಸಿ ತೋಮಸ್, ಶ್ರೀಮತಿ ಸುಶೀಲ ಉಪಸ್ಥಿತರಿದ್ದರು.

ದಿನಾಂಕ 14.11.2020ರಂದು ಧನಲಕ್ಷ್ಮೀ ಸಂಘ ಕೊಕ್ಕಡದಲ್ಲಿ ಸಂಘದ ಸದಸ್ಯರು ಮಕ್ಕಳ ದಿನಾಚರಣೆ ಮತ್ತು ದೀಪಾವಳಿಯನ್ನು ಆಚರಿಸಿದರು. ವಿವಿಧ ಆಟೋಟ ಸ್ಪರ್ಧೆಗಳನ್ನು ಏರ್ಪಡಿಸಿ ಬಹುಮಾನವನ್ನು ವಿತರಿಸಲಾಯಿತು. ತದನಂತರ ಮನೆಯಲ್ಲಿ ತಯಾರಿಸಿದ ಹಬ್ಬದ ಅಡುಗೆಯನ್ನು ಎಲ್ಲರು ಹಂಚಿದರು.

ದಿನಾಂಕ 18.11.2020ರಂದು ಉದನೆಯಲ್ಲಿ ಸಂಘದ ಸದಸ್ಯರಿಗೆ ಸಂಘರ್ಷ ನಿರ್ವಹಣೆಯ ಕುರಿತು ಕಾರ್ಯಕರ್ತರಾದ ಶ್ರೀಮತಿ ಎಲ್ಸಿ ತೋಮಸ್ ಮಾಹಿತಿ ನೀಡಿದರು.

ದಿನಾಂಕ 24.11.2020ರಂದು ಅಡ್ಡಹೊಳೆಯಲ್ಲಿ ಸಂಘದ ಸದಸ್ಯರಿಗೆ ಸರಕಾರಿ ಸೌಲಭ್ಯದ ಕುರಿತು ಕಾರ್ಯಕರ್ತರಾದ ಶ್ರೀಮತಿ ಎಲ್ಸಿ ತೋಮಸ್ ಮಾಹಿತಿ ನೀಡಿದರು.

**ಮನವಿ ಸಲ್ಲಿಕೆ:**

ದಿನಾಂಕ 6.11.2020ರಂದು ಕಿರಣ್ ಮಹಿಳಾ ತಾಲೂಕು ಒಕ್ಕೂಟದ ನೆಲ್ಯಾಡಿ ವಲಯದ ಸಂಘಗಳ ನೇತೃತ್ವದಲ್ಲಿ ನೆಲ್ಯಾಡಿ ಪೇಟೆಯಲ್ಲಿ ಕೊಳಚೆ ನೀರು ನಿಂತು ಸಾರ್ವಜನಿಕರಗೆ ಸಮಸ್ಯೆ ಆಗುತಿದ್ದು ಅದನ್ನು ಸರಪಡಿಸುವಂತೆ, ಮಾರುಕಟ್ಟೆ ಪರಿಸರ ಸ್ವಚ್ಛ ಮಾಡುವಂತೆ, ಬೆಥನಿ ಎದುರು ರಾಜ್ಯಹೆದ್ದಾರಿಯಲ್ಲಿ ಇರುವ ಹೊಂಡ ಮುಚ್ಚುವಂತೆ ಆಗ್ರಹಿಸಿ ಗ್ರಾಮ ಪಂಚಾಯತ್ ನೆಲ್ಯಾಡಿಗೆ ಮನವಿ ಸಲ್ಲಿಸಲಾಗಿದೆ. ದಿನಾಂಕ 6.11.2020ರಂದು ನೆಲ್ಯಾಡಿ ಬಸ್ ಸ್ಟಾಪ್ ಎದುರು ನೀರು ನಿಂತು ಸಮಸ್ಯೆ ಆಗುತ್ತಿರುವುದನ್ನು ಬಗೆಹರಿಸುವಂತೆ ಕೌಕ್ರಾಡಿ ಗ್ರಾಮ ಪಂಭಯತ್, ತಾಲೂಕು ಪಂಚಾಯತ್, ಡಿಪೋ ಮ್ಯಾನೇಜರ್‌ಗೆ ಮನವಿ ಸಲ್ಲಿಸಲಾಗಿದೆ.

**ಸ್ಪರ್ಶ ಯೋಜನೆ:**

ದಿನಾಂಕ 23.11.2020 ಮತ್ತು 24.11.2020 ರಂದು ಸ್ಪರ್ಶ ಯೊಜನಾ ಸಂಯೋಜಕರಿಗೆ ಹಾಗೂ ನಿರ್ದೇಶಕರಿಗೆ ಎರಡು ದಿನದ ಅಂತರ್ ರಾಜ್ಯ ಮಟ್ಟದ ಸಭೆಯು ವೆಬಿನಾರ್‌ನಲ್ಲಿ ನಡೆಯಿತು.

**ಕುಂದಾಪುರ ಯೋಜನೆ:**

ದಿನಾಂಕ 26.10.202, 27.10.2020, 10.11.2020 ಮತ್ತು 11.11.2020 ರಂದು ಸಂಸ್ಥೆಯ ನಿರ್ದೇಶಕರು ಜಡ್ಕಲ್ ಹಾಗೂ ಬೀಸಿನಪಾರ ವ್ಯಾಪ್ತಿಯ ಸಂಘಗಳಿಗೆ ಬೇಟಿ ನೀಡಿ ಸಲಹೆ ಸೂಚನೆಗಳನ್ನು ನೀಡಿದ್ದಾರೆ. ಸಂಯೋಜಕರಾದ ಶ್ರೀಮತಿ ಅಮಲಾರವರು ಉಪಸ್ಥಿತರಿದ್ದರು.

**ನೆರೆ ಸಂತ್ರಸ್ತರಿಗೆ ನೂತನ ಗೃಹ ಉದ್ಘಾಟನೆ:**

ದಿನಾಂಕ 25.11.2020 ರಂದು ಬೆಂಗಳೂರು ಮಹಾ ಧರ್ಮಪ್ರಾಂತ್ಯ, ಕಾರಿತಾಸ್ ಇಂಡಿಯಾ, ಸಿ.ಎಮ್.ಐ ಸಂಸ್ಥೆ ಕೇರಳ, ಮುಂಡಾಜೆ ಗ್ರಾಮ ಪಂಚಾಯತ್ ಹಾಗೂ ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ ಸಂಸ್ಥೆಯ ನೇತೃತ್ವದಲ್ಲಿ ಮುಂಡಾಜೆಯ ಶ್ರೀ. ಸ್ಕರಿಯರವರಿಗೆ ಹೊಸ ಮನೆಯ ಉದ್ಘಾಟನೆಯನ್ನು ಬೆಳ್ತಂಗಡಿ ಧರ್ಮಪ್ರಾಂತ್ಯದ ಧರ್ಮಾಧ್ಯಕ್ಷರಾದದ ಅತೀ. ವಂ. ಲಾರೆನ್ಸ್ ಮುಕ್ಕುಯಿಯವರು ಉದ್ಘಾಟಿಸಿ ಆಶೀರ್ವಚನಗೈದರು.

ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ ಸಂಸ್ಥೆಯ ನಿರ್ದೇಶಕರಾದ ವಂ. ಸ್ವಾ. ಬಿನೋಯಿ ಎ.ಜೆ.ಪ್ರಾಸ್ತಾನವೆಗೈದರು. ಮುಂಡಾಜೆ ಸಂತ ಮೇರಿಸ್ ಚರ್ಚ್‌ನ ಧರ್ಮಗುರುಗಳಾದ ವಂ. ಸ್ವಾ. ಸೆಬಾಸ್ಟಿಯನ್ ಪುನ್ನತ್ತಾನತ್, ವಂ. ಸ್ವಾ. ಜೋಸೆಫ್ ಮುಕ್ಕಾಟ್ ಶುಭ ಹಾರೈಸಿದರು. ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್. ಸಂಸ್ಥೆಯ ಮೂಲಕ ನಿರ್ಮಿಸಿದ ಐದನೇ ಮನೆ ಇದಾಗಿದೆ.

**ಸೇವಾ ಸಿಂಧು ಪ್ರಶಸ್ತಿ ಪ್ರಧಾನ:**

ದಿನಾಂಕ 21.11.2020 ರಂದು ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ ಸಂಸ್ಥೆಯ ಸೇವಾ ವಿಶಾಲತೆಯನ್ನು ಗುರುತಿಸಿ ಕರ್ನಾಟಕ ಮಾನವ ಹಕ್ಕುಗಳ ಸಮಿತಿ (ರಿ) ಬೆಂಗಳೂರು ಅವರಿಂದ **ಸೇವಾ ಸಿಂಧು ಪ್ರಶಸ್ತಿ** ಲಭಿಸಿದೆ. ಕರ್ನಾಟಕ ಮಾನವ ಹಕ್ಕುಗಳ ಸಮಿತಿ ರಾಜ್ಯಾಧ್ಯಕ್ಷರಾದ ಶ್ರೀನಿವಾಸ್ ಗೌಡ, ಮಂಗಳೂರು ಮಹಿಳಾ ಮತ್ತು ಮಕ್ಕಳ ಇಲಾಖೆಯ ಜಿಲ್ಲಾ ಉಪ ನಿರ್ದೇಶಕರಾದ ಶ್ರೀ ಪಾಪಭೋವಿ, ಕರ್ನಾಟಕ ರಾಜ್ಯ ಮಾನವ ಹಕ್ಕುಗಳ ಸಮಿತಿಯ ಜಿಲ್ಲಾಧ್ಯಕ್ಷರಾದ ಶ್ರೀ. ವಿಜಯ್ ಕುಮಾರ್ ಈ ಸಂದರ್ಭದಲ್ಲಿ ಬೆಳ್ತಂಗಡಿಯ ವಿವಿಧ ಸಂಘಸಂಸ್ಥೆಗಳ ಪದಾಧಿಕಾರಿಗಳು ಉಪಸ್ಥಿತರಿದ್ದರು. ಈ ಪ್ರಶಸ್ತಿಯ ಮೂಲಕ ಸಂಸ್ಥೆಗೆ ಇನ್ನೂ ಉತ್ತಮವಾಗಿ ಸೇವೆಗೈಯಲು ಪ್ರೇರಣೆ ಸಿಕ್ಕಿದಂತಾಗಿದೆ.

**Fr.Varkey Malikayil**
Director, Social Service Department

## Encyclical of the Holy Father Pope Francis Fratelli Tutti

## സാഹോദര്യത്തെയും സാമൂഹിക സൗഹൃദത്തെയും സംബന്ധിച്ച ഫ്രാൻസീസ് മാർപാപ്പായുടെ ചാക്രികലേഖനം ഫ്രത്തേല്ലി തൂത്തി (നാം സോദരർ)

1. ''ഫ്രത്തേല്ലി തൂത്തി'' ഈ വാക്കുകളോടുകൂടി, അസ്സീസിയിലെ വിശുദ്ധ ഫ്രാൻസീസ് അദ്ദേഹത്തിന്റെ സഹോദരീസഹോദരന്മാരെ അഭിസംബോധന ചെയ്യുകയും സുവിശേഷ ചൈതന്യത്താൽ മുദ്രിതമായ ഒരു ജീവിതമാർഗം അവർക്കു നിർദ്ദേശിക്കുകയും ചെയ്തു. ഫ്രാൻസീസ് നൽകിയ ഉപദേശങ്ങളിൽ ഒന്ന് തിരഞ്ഞെടുക്കാൻ ഞാൻ ആഗ്രഹിക്കുന്നു: ഭൂമിയെയും അതിന്റെ അതിർവരമ്പുകളെയും അതിലംഘിക്കുന്ന സ്നേഹത്തിലധിഷ്ഠിതമായ ഒന്ന്, ''അകലെ ആയിരിക്കുന്ന സഹോദരനെ അടുത്തായിരിക്കുന്നതുപോലെ സ്നേഹിക്കുന്നവർ അനുഗ്രഹീതർ എന്നു വിളിക്കുന്ന ഒന്ന്.'' വിശുദ്ധ ഫ്രാൻസീസ് ജുവും ലളിതവുമായ മാർഗ്ഗത്തിലൂടെ തുറവുള്ള സാഹോദര്യത്തിന്റെ പൊരുൾ പ്രകടമാക്കി. ശാരീരിക അടുപ്പം കണക്കാക്കാതെ, അവൻ അല്ലെങ്കിൽ അവൾ എവിടെ ജനിച്ചുവെന്നോ ജീവിക്കുന്നുവെന്നോ പരിഗണിക്കാതെ, ഓരോ വ്യക്തിയെയും അംഗീകരിക്കാനും വിലമതിക്കാനും സ്നേഹിക്കാനും അത് നമ്മെ അനുവദിക്കുന്നു.

2. 'അങ്ങേയ്ക്ക് സ്തുതി' എന്ന ചാക്രികലേഖനം എഴുതാൻ എനിക്ക് പ്രചോദനം നൽകിയ, സാഹോദര്യ സ്നേഹത്തിന്റെയും ലാളിത്യത്തിന്റെയും ആനന്ദത്തിന്റെയും ഈ വിശുദ്ധൻ പുതിയ ചാക്രികലേഖനത്തെ ഒരിക്കൽക്കൂടി സാഹോദര്യത്തിനും സൗഹാർദത്തിനുംവേണ്ടി സമർപ്പിക്കാൻ എന്നെ പ്രേരിപ്പിക്കുന്നു. താൻ സൂര്യന്റെയും സമുദ്രത്തിന്റെയും കാറ്റിന്റെയും ഒരു സഹോദരനാണെന്ന് ഫ്രാൻസീസിന് അനുഭവപ്പെട്ടു. എങ്കിലും, സ്വന്തം മനുഷ്യവംശത്തിൽപ്പെട്ട ആളുകളോട് തനിക്ക് കൂടുതൽ അടുപ്പം ഉണ്ടെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. താൻ പോയ ഇടങ്ങളിലൊക്കെ അദ്ദേഹം സമാധാനത്തിന്റെ വിത്തുകൾ വിതയ്ക്കുകയും ദരിദ്രരോടും പരിത്യക്തരോടും ഭിന്നശേഷിക്കാരോടും പുറന്തള്ളപ്പെട്ടവരോടും തന്റെ സഹോദരീസഹോദരരിലെ ഏറ്റവും ചെറിയവരോടും ചേർന്ന് നടക്കുകയും ചെയ്തു.

**അതിരുകളില്ലാതെ**

3. വിശുദ്ധ ഫ്രാൻസീസിന്റെ ജീവിതത്തിൽ അവന്റെ ഹൃദയത്തിന്റെ തുറവ് കാണിക്കുന്ന ഒരു സംഭവമുണ്ട്, ഈജിപ്തിലെ സുൽത്താൻ മാലിക്ക്-അൽ-കമിലിനെ അദ്ദേഹം സന്ദർശിച്ചത്. അത് അതിരുകൾക്ക് അതീതമായിരുന്നു. ഉത്ഭവത്തിന്റേയോ ദേശീയതയുടെയോ വർണ്ണത്തിന്റേയോ മതത്തിന്റേയോ വ്യത്യസ്തതകൾക്ക് അപ്പുറമായിരുന്നു. ഫ്രാൻസീസിന്റെ ദാരിദ്ര്യം, അദ്ദേഹത്തിന്റെ വിഭവങ്ങളുടെ ദൗർലഭ്യം യാത്ര ചെയ്യേണ്ട വലിയ ദൂരങ്ങൾ, ഭാഷയും സംസ്കാരവും മതവും സംബന്ധിച്ച അവരുടെ വ്യത്യസ്തതകൾ എന്നിവ പരിഗണിക്കുമ്പോൾ, ആ യാത്ര വളരെ ക്ലേശകരമായിരുന്നു. കുരിശുയുദ്ധങ്ങളുടെ കാലത്തു നടത്തിയ ആ യാത്ര എല്ലാവരെയും ആശ്ലേഷിക്കാൻ ശ്രമിച്ച അദ്ദേഹത്തിന്റെ സ്നേഹത്തിന്റെ വിശാലതയും മഹത്വവും കൂടുതൽ പ്രകടമാക്കി. കർത്താവിനോടുള്ള ഫ്രാൻസീസിന്റെ വിശ്വസ്തത സഹോദരീ സഹോദരന്മാരോടുള്ള അദ്ദേഹത്തിന്റെ സ്നേഹത്തോട് പൊരുത്തപ്പെടുന്നതായിരുന്നു. ഉണ്ടാകാവുന്ന ക്ലേശങ്ങളെയും അപകടങ്ങളെയും കുറിച്ച് ആകുലപ്പെടാതെ, തന്റെ ശിഷ്യന്മാർക്ക് പകർന്നു നൽകിയ അതേ മനോഭാവത്തോടുകൂടി ഫ്രാൻസീസ് അസ്സീസി സുൽത്താനെ കാണാൻ പോയി: അവർ "സാരസെൻമാരുടെയും മറ്റ് അവിശ്വാസികളുടെയും" ഇടയിൽ സഹോദരങ്ങളെ സഹോദരങ്ങളായി കണ്ടെത്തിയെങ്കിൽ "അവർ സ്വന്തം സ്വത്വം പരിത്യജിക്കാതെ, "വാദപ്രതിവാദങ്ങളിലോ തർക്കങ്ങളിലോ ഏർപ്പെടാതെ, ദൈവത്തിനുവേണ്ടി എല്ലാ മനുഷ്യജീവികൾക്കും വിധേയരാകേണ്ടവരായി രുന്നു." "അന്നത്തെ സാമൂഹിക പശ്ചാത്തലത്തിൽ, ഇത് അസാധാരണമായ ഒരു നിർദ്ദേശമായിരുന്നു. എല്ലാ രൂപത്തിലുമുള്ള ശത്രുതയോ സംഘർഷമോ ഒഴിവാക്കണമെന്നും അദ്ദേഹത്തിന്റെ വിശ്വാസത്തിൽ പങ്കുചേരാത്തവർക്കുപോലും വിനയവും സാഹോദര്യവുമുള്ള ഒരു "വിധേയത്വം" കാണിച്ചുകൊടുക്കണമെന്നും ഏകദേശം എണ്ണൂറുവർഷങ്ങൾക്കു മുമ്പ് അദ്ദേഹം അഭ്യർത്ഥിച്ചു എന്നത് അദ്ദേഹത്തിൽ നമുക്ക് മതിപ്പ് ഉണ്ടാക്കുന്നു.

4. സിദ്ധാന്തങ്ങൾ അടിച്ചേൽപ്പിക്കുന്നത് ലക്ഷ്യമാക്കി ഫ്രാൻസീസ് വാക്കുകൾകൊണ്ട് ഒരു യുദ്ധം നടത്തിയില്ല; അദ്ദേഹം സ്നേഹം പ്രചരിപ്പിച്ചു. "ദൈവം സ്നേഹമാണ്. സ്നേഹത്തിൽ വസിക്കുന്നവർ ദൈവത്തിലും ദൈവം അവനിലും വസിക്കുന്നു" (1 യോഹ.4:6) എന്ന് അദ്ദേഹം മനസ്സിലാക്കി. ഈ മാർഗ്ഗത്തിൽ അദ്ദേഹം എല്ലാവർക്കും

പിതാവായിത്തീരുകയും സാഹോദര്യസമൂഹത്തെക്കുറിച്ചുള്ള ദർശനത്തിന് പ്രചോദനം  നൽകുകയും ചെയ്തു. തീർച്ചയായും, ''അവരെ സ്വന്തം ജീവിതത്തിലേക്ക് ആകർഷിക്കാതെ, അവർ കൂടുതൽ പൂർണ്ണമായി അവർ തന്നെയായിത്തീരുന്നതിന് അവരെ സഹായിക്കാൻ വേണ്ടി അവരെ സമീപിക്കുന്ന മനുഷ്യനെ മാത്രമേ പിതാവ് എന്നു വിളിക്കാൻ കഴിയൂ.'' കാവൽഗോപുരങ്ങളും പ്രതിരോധമതിലുകളുംകൊണ്ട് പ്രക്ഷുബ്ധമായിരുന്ന അക്കാലത്ത് നഗരങ്ങൾ - ശക്തമായ കുടുംബങ്ങൾ തമ്മിലുള്ള മൃഗീയയുദ്ധങ്ങളുടെ ഒരു രംഗഭൂമിയായിരുന്നു. അതേസമയം നാട്ടിൻപുറത്ത് ദാരിദ്ര്യം വ്യാപിക്കുകയായിരുന്നു. എങ്കിലും തന്റെ ഹൃദയത്തിലേക്ക് യഥാർത്ഥ സമാധാനത്തെ സ്വാഗതം ചെയ്യാനും അന്യരുടെമേൽ അധികാരം പ്രയോഗിക്കാനുമുള്ള ആഗ്രഹത്തിൽ നിന്ന് തന്നെ സ്വതന്ത്രനാക്കാനും ഫ്രാൻസീസിനു സാധിച്ചു. അനേകം ദരിദ്രരിൽ ഒരാളായിത്തീരുകയും എല്ലാവരുമായി ഐക്യത്തിൽ ജീവിക്കാൻ പരിശ്രമിക്കുകയും ചെയ്തു. ഈ ചാക്രിക ലേഖനത്തിന് പ്രചോദനം നൽകിയത് വിശുദ്ധ ഫ്രാൻസീസാണ്.

5. മാനവ സാഹോദര്യത്തിന്റെയും സാമൂഹിക സൗഹാർദ്ദത്തിന്റെയും വിഷയങ്ങളിൽ എനിക്ക് എപ്പോഴും താല്പര്യമുണ്ടായിരുന്നു. ഇക്കഴിഞ്ഞ വർഷങ്ങളിൽ വിവിധ വേദികളിൽ അവയെകുറിച്ച് ഞാൻ ആവർത്തിച്ചു സംസാരിച്ചിട്ടുണ്ട്. ഈ ചാക്രികലേഖനത്തിൽ ആ പ്രസ്താവനകളിൽ പലതിനെയും ഒന്നിപ്പിച്ചു കൊണ്ടുവരാനും വിചിന്തനത്തിന്റെ വിശാലമായ ഒരു പശ്ചാത്തലത്തിൽ അവയെ പ്രതിഷ്ഠിക്കാനും ഞാൻ ശ്രമിച്ചിട്ടുണ്ട്. 'അങ്ങേയ്ക്ക് സ്തുതി' തയ്യാറാക്കുമ്പോൾ, തന്റെ സഹോദരൻ ഓർത്തഡോക്സ് പാത്രിയാർക്കീസ് ബർത്തലോമിയോ എനിക്ക് ഒരു പ്രചോദന കേന്ദ്രമായിരുന്നു. സൃഷ്ടികളെ പരിപാലിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അദ്ദേഹം ശക്തമായി സംസാരിച്ചിട്ടുണ്ട്. ഇപ്പോൾ ഗ്രാൻഡ് ഇമാം അഹമ്മദ് അൽ-തായെബ് എന്നെ പ്രത്യേകമായി പ്രോത്സാഹിപ്പിച്ചിരിക്കുന്നതായി എനിക്ക് തോന്നുന്നു. അബുദാബിയിൽ വച്ച് ഞാൻ അദ്ദേഹത്തെ കാണുകയുണ്ടായി. ''ദൈവം എല്ലാ മനുഷ്യജീവികളെയും അവകാശങ്ങളിലും ചുമതലകളിലും അന്തസ്സിലും തുല്യരായി സൃഷ്ടിച്ചുവെന്നും സഹോദരീ സഹോദരന്മാരായി ജീവിക്കാൻ അവരെ വിളിച്ചുവെന്നും''  അവിടെവച്ച് ഞങ്ങൾ പ്രഖ്യാപിച്ചു. ഇതു കേവലം നയതന്ത്രപരമായ നടപടിയായിരുന്നില്ല, മറിച്ച് സംവാദത്തിൽ നിന്നും പൊതുവായ പ്രതിബദ്ധതയിൽ നിന്നും ജനിച്ച ഒരു വിചിന്തനമായിരുന്നു. അവിടെവച്ച് ഞങ്ങൾ രണ്ടുപേരും ഒപ്പുവച്ച പ്രമാണ

രേഖയിൽ ഉയർത്തപ്പെട്ട വലിയ പ്രമേയങ്ങളിൽ ചിലത് ഇപ്പോഴത്തെ ചാക്രികലേഖനത്തിൽ ഉൾപ്പെടുത്തുകയും വികസിപ്പിക്കുകയും ചെയ്യുന്നു. ഈ ചാക്രികലേഖനത്തിൽ എന്റെ സ്വന്തം ചിന്തകളോടൊപ്പം ലോകത്തിലുടനീളമുള്ള അനേകം വ്യക്തികളിലും കൂട്ടായ്മകളിലും നിന്ന് എനിക്ക് ലഭിച്ച അനേകം കത്തുകളും രേഖകളും പരിഗണനകളും ഞാൻ ഉൾപ്പെടുത്തിയിട്ടുണ്ട്.

6. തുടർന്നുവരുന്ന നാളുകൾ സാഹോദര്യ സ്നേഹത്തെക്കുറിച്ച് പൂർണ്ണമായ ഒരു പ്രബോധനം നൽകുന്നുവെന്ന് അവകാശപ്പെടുന്നില്ല. പ്രത്യുത അവ അതിന്റെ സാർവത്രിക വ്യാപ്തിയെക്കുറിച്ചും ഓരോ സ്ത്രീപുരുഷന്മാരോടും അതിനുള്ള തുറവിയെകുറിച്ചും ഒരു പുനർവിചിന്തനം ആവശ്യപ്പെടുന്നു. നിരന്തര വിചിന്തനത്തിനുള്ള ഒരു വിനീത സംഭാവനയായി ഈ സാമൂഹിക ചാക്രികലേഖനം ഞാൻ നൽകുന്നു. വാക്കുകളുടെ തലത്തിൽ മാത്രമാകാതെ സാഹോദര്യത്തിന്റെയും സാമൂഹിക സൗഹൃദത്തിന്റെയും ഒരു പുതിയ കാഴ്ച്ചപ്പാടോടുകൂടി പ്രതികരിക്കാൻ നാം പ്രാപ്തരാകേണ്ടതുണ്ട്. എന്നെ പ്രചോദിപ്പിക്കുകയും നിലനിർത്തുകയും ചെയ്യുന്ന ക്രൈസ്തവബോധ്യങ്ങളിൽ നിന്നാണ് ഞാൻ എഴുതിയിരിക്കുന്നത്. എങ്കിലും ഈ വിചിന്തനത്തെ സന്മനസ്സുള്ള എല്ലാ ആളുകളുടെയും ഇടയിൽ സംവാദത്തിനുള്ള ഒരു ക്ഷണമായി മാറ്റാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്.

7. ഞാൻ ഈ ലേഖനം എഴുതികൊണ്ടിരുന്നപ്പോൾ നമ്മുടെ കപടസുരക്ഷിതത്വങ്ങൾ തുറന്ന് കാട്ടികൊണ്ട് കോവിഡ്-19 സാംക്രമികരോഗം അപ്രതീക്ഷിതമായി പൊട്ടിപ്പുറപ്പെട്ടു. ഈ പ്രതിസന്ധിയോടു വിവിധ രാജ്യങ്ങൾ പ്രതികരിച്ച വ്യത്യസ്ത മാർഗ്ഗങ്ങൾക്കു പുറമേ ഒന്നിച്ച് പ്രവർത്തിക്കാനുള്ള അവയുടെ കഴിവില്ലായ്മയും തികച്ചും വ്യക്തമായിത്തീർന്നു. പരസ്പര ബന്ധത്തിനുള്ള വലിയ സൗകര്യം നമുക്കുണ്ടെങ്കിലും നമ്മളെ എല്ലാവരെയും ബാധിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നത് കൂടുതൽ പ്രയാസകരമായിത്തീർത്ത ഒരു ശിഥിലീകരണത്തിന് നാം സാക്ഷികളായി. നാം ഇതുവരെ കാര്യങ്ങൾ മെച്ചപ്പെടുത്തുകയോ നിലവിലുള്ള സംവിധാനങ്ങളും ചട്ടങ്ങളും പരിഹരിക്കുകയോ ചെയ്യേണ്ടതിന്റെ ആവശ്യകത മാത്രമാണ് പഠിക്കേണ്ട ഏക പാഠമെന്ന് കരുതുന്ന ആരും യാഥാർത്ഥ്യത്തെ നിഷേധിക്കുകയാണ്.

8. ഇക്കാലത്ത്, ഓരോ മനുഷ്യവ്യക്തിയുടെയും അന്തസ്സ് അംഗീകരിക്കുന്നത് വഴി സാഹോദര്യത്തിനുള്ള ഒരു സാർവത്രിക അഭിലാഷ

ത്തിന്റെ പുനർജന്മത്തിന് സംഭാവന നൽകാൻ നമുക്ക് കഴിയുമെന്നാണ് എന്റെ പ്രതീക്ഷ. എല്ലാ സ്ത്രീപുരുഷന്മാരും തമ്മിലുള്ള സാഹോദര്യം "നാം കാണുന്ന സ്വപ്നം നമ്മുടെ ജീവിതത്തെ അത്ഭുതകരമായ ഒരു സാഹസമാക്കി മാറ്റുന്നത് എപ്രകാരമെന്ന് നമുക്ക് കാണിച്ചുതരുന്ന മനോഹരമായ ഒരു രഹസ്യം ഇവിടെ നമുക്കുണ്ട്. ആർക്കും ജീവിതത്തെ ഒറ്റയ്ക്ക് നേരിടാൻ കഴിയുകയില്ല.... നമ്മളെ പിൻതാങ്ങുകയും സഹായിക്കുകയും ചെയ്യുന്ന ഒരു സമൂഹം നമുക്കാവശ്യമാണ്. അവിടെ നമുക്ക് ഭാവിയിലേക്ക് ഉറ്റുനോക്കികൊണ്ട് പരസ്പരം സഹായിക്കാൻ കഴിയും. ഒന്നിച്ച് സ്വപ്നം കാണുന്നത് എത്ര പ്രധാനമാണ്.... നാം തനിച്ചായാൽ, മരീചികകൾപോലെ അവിടെയില്ലാത്ത കാര്യങ്ങൾ കാണുക എന്ന അപകട സാധ്യത ഉണ്ടാകുന്നു. മറിച്ച് കൂട്ടായ്മയിൽ സ്വപ്നങ്ങൾ ഒന്നിച്ച് നിർമ്മിക്കപ്പെടുന്നു." അതിനാൽ ഏക മാനവ കുടുംബം എന്നനിലയിലും ഒരേശരീരം പങ്കുവയ്ക്കുന്ന സഹയാത്രികർ എന്ന നിലയിലും നമ്മുടെ പൊതു ഭവനമായ 'ഭൂമി' യുടെ മക്കൾ എന്ന നിലയിലും അവന്റെയും അവളുടെയും വിശ്വാസങ്ങളുടെയും ബോധ്യങ്ങളുടെയും സമ്പന്നതയെ ഉൾകൊണ്ടുകൊണ്ട് അവരുടെ സ്വന്തം ശബ്ദത്തോടു ചേർന്നുനിന്നുകൊണ്ടും നമുക്കൊരുമിച്ച് സ്വപ്നം കാണാം. കാരണം നാം സഹോദരീസഹോദരന്മാരാണ്.

......Continued

# House Inauguration of Mrs. Mary



On 31st October 2020 the new house of Mrs. Mary was inaugurated by His Excellency Mar Lawrence Mukkuzhy, Bishop of Belthangady. DKRDS has taken the initiative of its construction under the funding support from Caritas-India New Delhi, Archdiocese of Bengaluru, CMI Province Kerala and Grama Panchayath Puduvettu. Rev. Fr. Devsaya Poovanthingal Parish Priest, St. Mary's Church Bolminar, Rev. Fr. Binoy A. J, Director DKRDS and Mr. Roy Joseph former Grama Panchayath member Bolminar were present for the Programme.



# Newly Renovated Church, Kalmakki





# അഭിവന്ദ്യ പിതാവിന്റെ ഡയറിയിൽനിന്ന്

## നവംബർ - 2020

01. ഓൺലൈനായി നടന്ന വിവാഹ ഒരുക്ക സെമിനാറിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

01. വൈകുന്നേരം ഓൺലൈനായി നടന്ന വിവാഹ ഒരുക്ക സെമിനാറിന്റെ സമാപന സമ്മേളനത്തിൽ സന്ദേശം നൽകി.

04. രാവിലെ 10.30 ന് കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ നടന്ന സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ സിനഡിന്റെ മതബോധന കമ്മീഷന്റെ യോഗത്തിൽ വീഡിയോ കോൺഫറൻസ് വഴി പങ്കെടുത്തു.

6-7. മൈനർ സെമിനാരി സന്ദർശിച്ചു.

07. രാവിലെ 10.30 ന് കുത്തല്ലൂർ ഇടവകയിൽ എസ്. ഡി. സിസ്റ്റേഴ്സ് ആരംഭിച്ച സാൻ ജോസ് ബാലികാഭവനത്തിന്റെ വെഞ്ചിരിപ്പ് കർമ്മം നടത്തി.

07. ഉച്ച കഴിഞ്ഞ് 3.00 മണിയ്ക്ക് ഡി. കെ. ആർ. ഡി. എസ്. ന്റെ ഭരണസമിതി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

08. ഹെബ്രി ദേവമാത ഫാം സന്ദർശിച്ചു.

09. രാവിലെ കൽമക്കി മരിയാംബിക ഫാം സന്ദർശിച്ചു.

09. ഉച്ച കഴിഞ്ഞ് കൽമക്കിയിൽ പുതുക്കി പണിത ദേവാലയത്തിന്റെ കൂദാശാ കർമ്മം നിർവ്വഹിക്കുകയും വി. ബലിയർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.

11. ബെംഗളൂരു ക്രോസിൽ നടന്ന കെ.ആർ.സി.ബി.സി. മീറ്റിംഗിൽ പങ്കെടുത്തു.

12-16. ഓൺലൈനായി രാജ്ക്കോട്ട് രൂപതയിലെ ബഹു. വൈദീകർക്ക്വേണ്ടി വാർഷിക ധ്യാനം നടത്തി.

14. ഉച്ചകഴിഞ്ഞ് 3.30 ന് രൂപതാ കാര്യാലയത്തിൽ നടന്ന കൂരിയ മീറ്റിങ്ങിൽ അധ്യക്ഷത വഹിച്ചു.

14. വൈകുന്നേരം ഓൺലൈനായി അമേരിക്കയിലെ മിസ്സിസാഗൊ രൂപതയിലെ വിവിധ ഭക്തസംഘടനകളുടെ ആനിമേറ്റേഴ്സിന്റെ ക്ലാസ് നയിച്ചു.

16-21. ജ്ഞാനനിലയത്തിൽ വച്ച് നടത്തപ്പെട്ട രൂപതാ വൈദികരുടെ വാർഷിക ധ്യാനത്തിൽ പങ്കെടുത്തു.

23. രാവിലെ 10.30 മുതൽ 11.30 ഓൺലൈനായി നടന്ന കർണാടക റീജണൽ മെത്രാൻമാരുടെ (കെ.ആർ. സി. ബി. സി.) യോഗത്തിൽ പങ്കെടുത്തു.

23. രാവിലെ 11.30 ന് മുൻ പാസ്റ്ററൽ കൗൺസിൽ അംഗം ശ്രി. ജെയിംസ് മുണ്ടാട്ടിന്റെയും, കങ്കനാടി ഇടവകയിലെ മതബോധന പ്രധാന അധ്യാപകൻ ശ്രി. ജോർജ്ജ് തോട്ടുപ്പുറത്തിന്റെയും മക്കളുടെ വിവാഹം ആശീർവ്വദിച്ചു.

25. ഡി. കെ. ആർ. ഡി. എസ്. മുണ്ടാജെയിൽ പണികഴിപ്പിച്ച പുതിയ വീടിന്റെ താക്കോൽ ദാനം നടത്തുകയും സന്ദേശം നൽകുകയും ചെയ്തു.

28. ഡി. കെ. ആർ. ഡി. എസ്. കളഞ്ചയിൽ പണികഴിപ്പിച്ച പുതിയ വീടിന്റെ താക്കോൽ ദാനം നടത്തുകയും സന്ദേശം നൽകുകയും ചെയ്തു.

29. രാവിലെ കുത്തല്ലൂർ ഇടവകയിൽ നടന്ന ആദ്യകുർബാന സ്വീകരണ ശുശ്രൂഷയ്ക്ക് പ്രധാന കാർമ്മികത്വം വഹിച്ചു.



# BISHOP'S ENGAGEMENTS



## DECEMBER-2020

| | | | |
|---|---|---|---|
| 1 | 10.00 am | : | Belthangady : Online Priests' Conference |
| | Evening | : | Puttur : Minor Seminary |
| 2 | | | : Minor Seminary |
| | 10.00 am | : | Diocesan Vocation Commission Meeting |
| 3 | Belthangady | : | Jnananilaya |
| 5 | Belthangady | : | DKRDS |
| 6 | Belthangady | : | Online Catechetical Teachers' Seminar |
| 7 | Belthangady | : | Jnananilaya : Inter Commissions' Meet |
| | Evening | : | Online Catechetical Teachers' Seminar |
| 8 | Evening | : | Heggala |
| 9-10 | Kunnoth | : | Good Shepherd Major Seminary |
| 11 | Belthangady | : | Online Catechetical Teachers' Seminar |
| 12 | Engaged | | |
| 12-13 | Belthangady | : | MGC |
| 14 | Belthangady | : | Online Synodal Catechism Meeting |
| 15 | Belthangady | : | Online Catechetical Teachers' Seminar |
| 16 | Belthangady | : | Monthly Recollection |
| 20 | Belthangady | : | Jnananilaya : Christmas Celebrations |
| 24-25 | Belthangady | : | Christmas Celebrations |
| 26 | Engaged | | |
| 27 | Kallugundi | | |
| 28 | Chempathotty | : | Ordination |
| 29 | Ennappara | : | Ordination |
| 30 | Kottody | : | Ordination |
| 31 | Belthangady | : | Year ending Celebrations at Cathedral |

Registered News Paper Monthly


UDAYADEEPA BELTHANGADY

REGISTERED NO.PTR/105/2018-2020

RNI No.KARMUL/ 2010/ 32217

POSTED AT BELTHANGADY ON THE LAST DAY OF THE MONTH

ANNUAL SUBSCRIPTION RS. 140/- PER COPY RS.12/-



Printed, Published and Owned by Fr. Joseph Valiaparambil, Bishop's House, P.B. No.13, Belthangady -574214, Dist.-Dakshina Kannada, Karnataka, Tel.: 08256-233975, Mob.: 09448251184. e-mail: udayadeepabel@gmail.com. Place of Publication: Bishop's House, P. B. No.13, Belthangady-574214, Dist. Dakshina Kannada, Karnataka. Printed at Shree Raghavendra Printers, Ujire - 574 240, Phone: 08256- 236 421, Email: rpujire@gmail.com.

Editor: Fr.Lawrence Poonolil, Chancellor